
KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 30 / Issue: 5 May 2019 ₹ :10/-





ബാർ ഈത്തോ ബ്രീറോ

# Dr. D. Babu Paul I.A.S

ക്നാനായദീപം മാസികയെ തന്റെ രചനകൾ കൊണ്ട് സമ്പന്നമാക്കി ക്നാനായ സമൂഹത്തിനെന്നും ഉത്തമ മാർഗദർശിയായിരുന്ന ഈ ധൈഷണിക പ്രതിഭയുടെ സ്മരണകൾക്കുമുന്നിൽ ആദരാഞ്ജലികളോടെ...

**ക്നാനായദീപം**



## 1 – ാം ചരമ വാർഷികം

13–05–2019

## എൻ. പി. ചാക്കോ

(കുഞ്ഞുമോൻ)
നടുവിലേപറമ്പിൽ
കാവാലം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# ക്നാനായ ദീപം

SINCE 1989

2019 മെയ് പുസ്തകം 30 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

അനുസ്മരണം 06
ടി. ഒ. എബ്രഹാം തോട്ടത്തിൽ

ക്നാനായ മക്കളുമായി ഉടയാത്ത ബന്ധം കാത്തുസൂക്ഷിച്ച മാണിസാറിന് വിട 08
ഫാ. മോനായി കെ. ഫിലിപ്പ്

ശാസ്ത്രവും സാഹിത്യവും സംഗീതവും 10
പ്രൊഫ. ടോണി മാത്യു

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഉണങ്ങുന്ന കൊമ്പും പൊഴിയുന്ന ഇലയും 18
ഡോ. ജോയി അമ്പഴച്ചാലിൽ

സഭയുടെ പുനർനിർമ്മാണം ഏതു മാതൃക പ്രകാരം 21
ഫാ. റോയി മാത്യൂസ് മുളമൂട്ടിൽ

തൊഴിലില്ലായ്മക്ക് പറിക്കുന്ന രാജ്യം 23
ഡോ. സുനിൽ ഡി. കുരുവിള

സുഹൃത്തേ... സനിശ്ചയം സ്വർഗ്ഗം 25
കെ. എം. മാനുവൽ, കളപ്പുരയ്ക്കൽ

മലർവാടിക്കൂട്ടം 26

സ്വവംശവിവാഹത്തെ എതിർക്കുന്ന ക്നാനായ മക്കളോട് ഒരു വാക്ക് 39
അഡ്വ. കുരുവിള തോമസ് ഒറ്റത്തൈയ്ക്കൽ

മലങ്കര സഭ 41
പ്രൊഫ. പി. കെ. സ്കറിയ


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**ക്നാനായ ദീപം അറിയിപ്പുകൾ**

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്

**Acc. No. 57004254154**
Knanaya Deepam
IFSC SBI N 0070128
SBI, Chingavanam

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial

## എഡിറ്റോറിയൽ



കർത്താവിൽ പ്രിയരെ,

ക്രിസ്ത്യാനികൾ അത്യുന്നതനായ ദൈവത്തിലും അതുല്യനായ ക്രിസ്തുവിലും, ആത്മീക സത്യങ്ങൾ വെളിപ്പെടുത്തുന്ന പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് ആ നിലവാരത്തിന് യോജിച്ച മനോഭാവവും ചിന്താഗതികളും കാത്തുസൂക്ഷിക്കുവാൻ ക്രൈസ്തവർക്ക് കടമയുണ്ട്. ലോകമനുഷ്യരുടെ അധമ ചിന്താഗതിയും ഇടുങ്ങിയ മനോഭാവവും ദൈവമക്കൾ അനുകരിക്കാൻ പാടില്ല. യേശുവിന്റെ ശിഷ്യന്മാരുടെ സ്വഭാവത്തിൽ തന്റെ ശിഷ്യന്മാർക്ക് ചേരാത്ത പല പ്രവണതകളുമുണ്ടായിരുന്നതായി കാണാം. യേശു അതിനെ വെറുക്കുകയും ശാസിക്കുകയും ചെയ്തതായി ലൂക്കോസ് 9:46 –56 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ ചെയ്തത് എന്തായിരുന്നു. "അപ്പോ.14:27 ബലവും ശക്തിയും മഹത്വവും ദൈവത്തിന് നൽകുകയും നാം ഏതുമല്ലെന്ന് ദൈവമുമ്പാകെ താഴ്ത്തുകയും ചെയ്യുന്ന ഈ മനോഭാവമുണ്ടാകുമ്പോഴാണ് മറ്റുള്ളവരെ താഴ്ത്താനും തങ്ങളെത്തന്നെ ഉയർത്താനും ശ്രമിക്കുന്നത്. ദൈവം മാത്രമാണ് വലിയവൻ മനുഷ്യരെല്ലാം ചെറിയവരും അപൂർണ്ണരുമാണ്. ഈ അറിവുണ്ടാകുമ്പോൾ മാത്രമാണ് വലിയവനാകാനുള്ള പ്രവണത ഉപേക്ഷിച്ച് സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറാകുന്നത്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അവയവങ്ങൾ ആയ നമ്മൾ തമ്മിൽ മത്സരിച്ചാൽ ശരീരത്തിന്റെ പ്രവർത്തനം സ്തംഭിക്കും. വലിയവനാരെന്ന വാദത്തെ യേശു ശാസിച്ചു. ഈ കാലഘട്ടത്തിൽ മനുഷ്യ മനസ്സുകളിലും സ്വഭാവത്തിലും ചിന്താഗതികളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യശോഷണവും ജീർണ്ണതയും എല്ലാ തുറകളെയും തകർത്തുകൊണ്ടിരിക്കുകയാണ്. മനുഷ്യരെ രൂപാന്തരപ്പെടുത്തി ദൈവീക നിലവാരത്തിൽ ഉയർത്തുവാനാണ് പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായ യേശുക്രിസ്തു ഭൂമിയിൽ വന്നത്. അവനിൽ വിശ്വസിക്കുന്ന ഓരോ ക്രിസ്ത്യാനിയും ഏറ്റവും ഉന്നതമായ വ്യക്തിത്വവും, മനുഷ്യത്വവും ഉള്ളവരായിത്തീരേണ്ടത് ഒരു അടിയന്തിരാവശ്യമാണ്..

**ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അവയവങ്ങൾ ആയ നമ്മൾ തമ്മിൽ മത്സരിച്ചാൽ ശരീരത്തിന്റെ പ്രവർത്തനം സ്തംഭിക്കും. വലിയവനാരെന്ന വാദത്തെ യേശു ശാസിച്ചു. ഈ കാലഘട്ടത്തിൽ മനുഷ്യ മനസ്സുകളിലും സ്വഭാവത്തിലും ചിന്താഗതികളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യശോഷണവും ജീർണ്ണതയും എല്ലാ തുറകളെയും തകർത്തുകൊണ്ടിരിക്കുകയാണ്. മനുഷ്യരെ രൂപാന്തരപ്പെടുത്തി ദൈവീക നിലവാരത്തിൽ ഉയർത്തുവാനാണ് പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായ യേശുക്രിസ്തു ഭൂമിയിൽ വന്നത്.**

മിസ്രയിമിലെ അടിമ നുകത്തിൽ കിടന്ന ഇസ്രായേൽ ജനത്തെ കണ്ട് ദുഃഖിച്ച് ദൈവം മോശയോട് അരുളിച്ചെയ്തത്. പുറ. 3:2–13 വരെയുള്ള വാക്യത്തിൽ നമ്മുടെ എല്ലാ കാര്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവം തന്നെ ആരാധിക്കേണ്ടതിന് ജനത്തെ വിടുവിക്കുവാൻ കൽപ്പിക്കുന്നു. പുതിയ നിയമ ഇസ്രായേൽ ആയ പരിശുദ്ധ സഭയുടെ മക്കൾ ദൈവത്തെ ആരാധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ സഭയിൽ ആരാധനാ സ്വഭാവത്തെ അടിസ്ഥാനമാക്കി ജനങ്ങളെ വിഭജിക്കുകയാണെങ്കിൽ (1) പതിവായി ആരാധനക്കു പോകുന്നവർ (2) വല്ലപ്പോഴുമൊക്കെയും, നോമ്പിലും പോകുന്നവർ, (3) ഒരിക്കലും പോകാത്തവർ എന്ന് മൂന്നായി തിരിക്കാം.

ഇതിൽ രണ്ടാം വകുപ്പിൽപ്പെട്ടവർ കൂടുതലായി ഹാജരാകുന്ന സന്ദർഭമാണ് നോമ്പ്കാലം, പ്രത്യേകിച്ച് പകുതി കഴിഞ്ഞ് ഉയിർപ്പുവരെ നന്നായി ഇടവക ഭരിക്കാൻ ആഗ്രഹിക്കുന്ന ഒരു വൈദികൻ ദേവാലയം ഭക്തജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുവാൻ ആഗ്രഹിക്കും; ദേവാലയം ദൈവകുഞ്ഞാടിന്റെ കല്യാണ ഭവനമാകയാൽ ക്ഷണിക്കപ്പെട്ടവരും, വിരുന്നുകാരുമായ അതിഥികളെക്കൊണ്ട് നിറഞ്ഞിരിക്കയും അവിടെ നടക്കുന്ന എല്ലാ ആത്മീക പരിപാടിയിലും എല്ലാവരും സംബന്ധിക്കുകയും ആത്മീക അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ടുപോകുന്ന അനുഭവത്തിൽ എത്തിച്ചേരുകയും ചെയ്യുന്നത് എത്രയോ ആനന്ദകരമാണ്. എന്നാൽ നോമ്പ് വീടൽ കഴിഞ്ഞാൽ മരണം കഴിഞ്ഞ ചില വീടുകളുടെ പ്രതീതി നമ്മുടെ പള്ളികളിൽ സംഭവിക്കുന്നതുകൊണ്ട് ഇത് ഒരു ചടങ്ങുപോലെ തോന്നിപ്പോകുന്നു. എല്ലാ ഞായറാഴ്ചകളിലും ദൈവാരാധനയ്ക്കായി ജനങ്ങൾ തിങ്ങിക്കൂടുന്ന സഭകൾ നമുക്ക് ചുറ്റുമുള്ളപ്പോൾ ദൈവഭക്തിയേയും ക്രിസ്തീയ കടപ്പാടിനേയും അടിക്കടി നിർമ്മാർജ്ജനം ചെയ്യുന്ന ചൈതന്യ രഹിതമായ പരിപാടിയാണ് നാം സ്വീകരിക്കുന്നതെങ്കിൽ സഭ എന്ന നിലയിൽ നിലനിൽക്കാൻ സാധ്യമല്ല. ക്രിസ്തീയ വളർച്ചയ്ക്കാവശ്യമായ എല്ലാക്കാര്യങ്ങളും സഭ ക്രമീകരിച്ചിട്ടുണ്ട്. അത് സഭയുടെ കല്പനകളാണ്. അത് പാലിച്ച് സത്യവിശ്വാസ സംരക്ഷകരായി ജീവിച്ച് ആദിമ സഭാപിതാക്കന്മാരെപ്പോലെ രൂപാന്തരപ്പെടുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**എന്ന് നിങ്ങളുടെ സ്വന്തം**
**റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ധ്യാനഗുരുവായ ആസാഫിന്റെ ധ്യാനത്തിൽ പറയുന്നതുപോലെ (സങ്കീ. 78:2) നമ്മുടെ കർത്താവ് സ്വർഗ്ഗരാജ്യത്തെക്കുറിച്ചും അതിന്റെ അവകാശികളെക്കുറിച്ചും, സ്വർഗ്ഗരാജ്യ പ്രാപ്തിക്കാവശ്യമായ മാനസാന്തരത്തെക്കുറിച്ചും ഉപമകളിലൂടെയാണ് ജനത്തെ പഠിപ്പിച്ചിരുന്നത്. അതിൽ ശ്രദ്ധേയമായ ഒരു ഉപമയാണ്. “ധൂർത്തു പുത്രൻ” ഉപമ. (ലൂക്കോ 15:11–32).

ധനവാനായ ഒരു മനുഷ്യന്റെ രണ്ടു പുത്രന്മാരിൽ ഇളയവൻ വസ്തുവിൽ തനിക്കു കിട്ടുവാനുള്ള വീതം ചോദിച്ചു വാങ്ങി. പുത്രവത്സനായ അപ്പൻ ഒരു മടിയും കൂടാതെ ഇളയവന്റെ വീതം കൊടുത്തു. അവൻ അതു വിറ്റു. സകലതും സ്വരുപിച്ചു ദൂരദേശത്തേക്കു യാത്രയായി. അവിടെ ദുർവ്യത്തനായി ജീവിച്ചു. അധികനാൾ കഴിയുംമുമ്പേ അവന്റെ സമ്പാദ്യമെല്ലാം തീർന്നു. തുടർന്ന് ആ ദേശത്തു കഠിനക്ഷാമമുണ്ടായി. മറ്റുനിവൃത്തി ഇല്ലാതെ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനിൽ അഭയം പ്രാപിക്കേണ്ടിവന്നു. അവൻ ഈ പുത്രനെ തന്റെ വയലിലെ പന്നികളെ മേയിക്കുവാനായി അയച്ചു. പ്രസ്തുത പൗരന് തന്റെ പന്നികളുടെ ക്ഷേമമാണ് പ്രധാനം. അല്ലാതെ തന്റെ വേലക്കാരുടെ ബുദ്ധിമുട്ടിന് നിവാരണമുണ്ടാക്കുന്നതല്ല. പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറപ്പാൻ ആഗ്രഹിച്ചിട്ട് അതും അവനു ലഭിച്ചില്ല. അപ്പോൾ അവനു സുബോധം വന്നു. അവൻ അപ്പന്റെ ഭവനത്തിലെ കൂലിക്കാർ അനുഭവിക്കുന്ന നന്മതിരിച്ചറിഞ്ഞു എന്നു നാം വായിക്കുന്നു.

ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ തളർന്നു പോകരുത്. ദാരിദ്ര്യം, രോഗം, കടബാദ്ധ്യതകൾ പീഢനം എന്തുമായിക്കൊള്ളട്ടെ അതെല്ലാം നമുക്ക് സുബോധം വരുവാനുള്ള ദൈവീക പദ്ധതികളുടെ ഭാഗമാണെന്നു തിരിച്ചറിയണം. നിരാശരാകരുത്. കരുണയുള്ളവനായ ഒരു പിതാവ് നമ്മുടെ മടങ്ങി വരവിനായി കാത്തിരിക്കുന്നു എന്ന സന്തോഷവാർത്ത നമ്മെ ആനന്ദപുളകിതരാക്കണം.

നമ്മുടെ കഥാനായകനായ ധൂർത്തു പുത്രനും അപ്പന്റെ ഭവനത്തിലേക്കു മടങ്ങുവാൻ തീരുമാനിച്ചു. അവകാശം സ്ഥാപിക്കാനല്ല. കുറ്റം ഏറ്റു പറഞ്ഞു കൂലിക്കാരിൽ ഒരുവനായി ആ ഭവനത്തിൽ സ്ഥാനം ലഭിപ്പാൻ. ഉറച്ച തീരുമാനത്തോടെ, സ്വന്തഭവനത്തിലേക്ക്; പിതാവിന്റെ സന്നിധിയിലേക്ക് അവൻ മടങ്ങുന്നു.

ഈ പിതാവിനും വിശേഷതകളുണ്ട്. ഏഴിന് എഴുപതു വട്ടം ക്ഷമിക്കുന്ന പ്രകൃതക്കാരൻ. “ഞാനുണ്ടാക്കിയതെല്ലാം നശിപ്പിച്ചു എന്നെ വിട്ടിട്ടുപോയ മകന് ഇനിയും ഈ വീട്ടിൽ സ്ഥാനമില്ല, പുകഞ്ഞ കൊള്ളി പുറത്ത് എന്ന മനോഭാവക്കാരനല്ല ഈ പിതാവ്. തൊണ്ണൂറ്റി ഒമ്പത് ആടുകളെയും വിട്ടിട്ടു കാണാതെപോയ ഒരാടിനെത്തേടി പുറപ്പെടുന്ന മഹാമനസ്കൻ. സുബോധം വീഴുമ്പോൾ എന്റെ മകൻ തിരിച്ചു വരും എന്ന പ്രത്യാശയോടെ അവന്റെ മടങ്ങിവരവിനായി സദാസമയവും കണ്ണെത്തും ദൂരം നോക്കിപ്പാർത്തിരിക്കുന്നവൻ.

ഭവനത്തിലേക്കു മടങ്ങിവരുന്ന ഈ പുത്രനെ പിതാവ് ദൂരത്തുനിന്നു കണ്ടു. ‘എല്ലുംതോലുമായി സാധാരണക്കാർക്കു കണ്ടാൽ തിരിച്ചറിയാൻ പ്രയാസമുള്ള പ്രകൃതത്തിൽ കടന്നുവന്ന പുത്രനെ പിതാവ് തിരിച്ചറിഞ്ഞു. തന്റെ സിംഹാസനം വിട്ടു പുത്രന്റെ അടുക്കലേക്ക് ഓടിച്ചെന്നു അവനെ കഴുത്തിനു കെട്ടിപ്പിടിച്ചു ചുംബനം കൊടുത്തു. വിശേഷ വസ്ത്രങ്ങൾ ധരിപ്പിച്ചു. കാലിനു ചെരുപ്പിടുവിച്ചു. മോതിരമണിയിച്ചു. പുത്രന്റെ ഏറ്റുപറച്ചിലൊന്നും അവൻ കേൾപ്പാൻ നിന്നില്ല. വീട്ടിൽ മഹാ ഉത്സവം. മകന്റെ തിരിച്ചു വരവിൽ വലിയ വിരുന്നൊരുക്കൽ. ഈ എന്റെ മകൻ മരിച്ചവനായിരുന്നു വീണ്ടും ജീവിച്ചു. കാണാതെപോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു എന്നു സാക്ഷ്യം പറഞ്ഞു.

വലിയ നോമ്പാചരണം, പീഢാനുഭവവാരാചരണം, തിന്മയുടെ മേൽ വിജയം നേടിയ നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുന്നാൾ ഒക്കെയും ആഘോഷിച്ച് ദൈവീക സമാധാനത്തിൽ കഴിയുന്ന ദൈവജനം സ്വജീവിതത്തിലേക്കു ഒരു തിരിഞ്ഞുനോട്ടം നടത്തണം. കുറവുകൾ ഏറ്റു പറഞ്ഞു അപ്പന്റെ പക്കലേക്ക് മടങ്ങി വരണം.

സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. (ഗലാ. 5:1).

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**




# ബാർ ഈത്തോ ബ്രീറോ ഡോ.ഡി. ബാബുപോൾ IAS

ടി.ഒ. ഏബ്രഹാം, തോട്ടത്തിൽ, സമുദായ സെക്രട്ടറി

മലങ്കര സുറിയാനി യാക്കോബായ സഭയിലെ പ്രഗത്ഭനായ പി. എ. പൗലോസ് കോറെപ്പിസ്ക്കോപ്പായുടെ മൂത്ത മകൻ ആയിരുന്ന ഡോ.ഡി ബാബുപോൾ IAS 1941 ഏപ്രിൽ 11 ന് ജനിച്ചു. അദ്ദേഹത്തിനു 5 വയസ്സ് പ്രായമുള്ളപ്പോൾ തന്നെ വി. മദ്ബഹായിലെ ശുശ്രൂഷകളിൽ പങ്കെടുക്കുമായിരുന്നു.

സഭയുടെ പ്രിയ പുത്രനായിരുന്ന അദ്ദേഹത്തിന്റെ വിയോഗം സഭയ്ക്കും ജാതിമത വ്യത്യാസങ്ങളില്ലാതെ മുഴുവൻ മലയാളികൾക്കും ഒരു തീരാനഷ്ടം ആണ്. ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്ന വ്യക്തി ആയിരുന്നു അദ്ദേഹം. വൈജ്ഞാനിക സാഹിത്യത്തിനുള്ള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷൻ പരി. പാത്രിയർക്കീസ് ബാവയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹത്തിന് സഭ ബാർ ഈത്തോ ബ്രീറോ (സഭയുടെ വിശ്വസ്ത പുത്രൻ) എന്ന പദവി നൽകി. അഡീഷനൽ ചീഫ് സെക്രട്ടറിയായിരുന്ന IAS ൽ നിന്ന് വിരമിച്ച് ഓംബുഡ്സ്മാൻ സ്ഥാനം സ്വീകരിച്ചു. 2001 സെപ്റ്റംബറിൽ ഉദ്യോഗത്തോട് വിട പറഞ്ഞ് സിവിൽ സർവ്വീസ് മേഖലയിൽ മിടുക്കരെ വളർത്തി എടുക്കാനായി സ്ഥാപിതമായ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ **'മെന്റർ എമിററ്റസ്സ്'** ആയിരുന്നു.

കഥ ഇതുവരെ, ഗിരിപർവം, നിലാവിൽ വിരിഞ്ഞ കാപ്പി പ്പൂക്കൾ, ക്രംലിൻ-ബർലിൻ, അച്ഛൻ അച്ചൻ ആചാര്യൻ, ഉത്ത രസ്യാം ദിശി, രേഖായനം: നിയമസഭാ ഫലിതങ്ങൾ, സംഭ വാമി യുഗേ യുഗേ, ഓർമകൾക്ക് ശീർഷകമില്ല, പട്ടം മുതൽ ഉമ്മൻചാണ്ടിവരെ തുടങ്ങിയവയാണ് കൃതികൾ. 4000 ടൈറ്റിലുകളും 6 ലക്ഷം വാക്കുകളും ഉൾക്കൊള്ളുന്ന 'വേദശബ്ദ രത്നാകരമെന്ന ബൈബിൾ നിഘണ്ടുവും രചിച്ചു. ആക്ഷേപഹാസ്യ ശൈലിയിൽ ലേഖനങ്ങൾ എഴുതിയിരുന്ന അദ്ദേഹം മാധ്യമം ദിനപത്രത്തിൽ സ്ഥിരം പംക്തിയും കൈകാര്യം ചെയ്തിരുന്നു. ബൈബിളിലെ 150 സങ്കീർത്ത നങ്ങളിൽ 90 എണ്ണത്തിന് അദ്ദേഹം വ്യാഖ്യാനം പൂർത്തിയാക്കിരുന്നു. കുറച്ച് ഇടവേളയ്ക്കുശേഷം നമ്മുടെ ക്നാനായദീപം മാസികയിൽ സ്ഥിരം പംക്തി അദ്ദേഹം എഴുതി തുടങ്ങിയിരുന്നു. കഴിഞ്ഞ ഏപ്രിൽമാസം വരെ അത് തുടർന്നിരുന്നു. പഴയ ആകാശം പുതിയ ഭൂമി എന്ന് പേരിട്ട് അദ്ദേഹം അവസാനമായി എഴുതിയ പുസ്തകത്തിന്റെ പ്രകാശനം നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചില്ല.



1972 ജനുവരി 25 നാണ് ഇടുക്കിജില്ല രൂപീകരിച്ചത്. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയുടെ കോ-ഓർഡിനേറ്ററും ഇടുക്കിയുടെ ആദ്യത്തെ കലക്ടറും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ സേവനമാണ് ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ പൂർത്തീകരണത്തിന് സഹായിച്ചത്. ബഹുഭാഷാ പണ്ഡിതൻ ആയിരുന്നു എന്ന് വരികിലും അദ്ദേഹത്തിന്റെ സർവ്വീസിലെ അവസാനത്തെ 10 വർഷം മലയാളത്തിൽ മാത്രം ഫയലിൽ എഴുതിയിരുന്നു. ഒരു മന്ത്രിയ്ക്ക് അയച്ച ഫയലിൽ അദ്ദേഹം ഇങ്ങനെ എഴുതി- "ഈ രക്തത്തിൽ എനിക്ക് പങ്കില്ല" എന്ന് ഇതായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

ബാബുപോളിന്റെ ഒരു പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു. "ഞാൻ എന്റെ മകനോട് പറയാറുണ്ട്. എനിക്ക് വയ്യാതെ ആയെന്ന് കരുതി നീ എന്നോടൊപ്പം വന്ന് താമസിക്കേണ്ട കാര്യമില്ല. നീ നിന്റെ മക്കൾക്കൊപ്പം സുഖമായി ജീവിക്കണം. അവർക്കൊപ്പം സായാഹ്നങ്ങളും വാരാന്ത്യങ്ങളും ചിലവഴിക്കണം. വാഹനംപോലെ തന്നെ ജീവിതവും

മുമ്പോട്ടാണ് ഓടിക്കേണ്ടത്. നീയും നിന്റെ വാഹനവും മുന്നോട്ട് തന്നെ ഓടിക്കുക. ഇടയ്ക്ക് റിയർ വ്യു മിററിലൂടെ എന്റെ വാഹനം പിന്നിൽ ഉണ്ടോ എന്ന് നോക്കിയാൽ മാത്രം മതി. എന്തെങ്കിലും ആവശ്യം വന്നാൽ ഞാൻ ഹോൺ അടിച്ചുകൊള്ളാം. ഇങ്ങനെ മറ്റുള്ളവരിൽനിന്ന് വേറിട്ട ഒരു ജീവിത രീതിയായിരുന്നു അദ്ദേഹത്തിന്റേത്.

തന്റെ ജീവൻ നിലനിർത്തുവാൻ കടുത്ത മാർഗ്ഗങ്ങൾ ഒന്നും നോക്കരുതെന്നും കൃത്രിമ ശ്വാസോച്ഛ്വാസം പാടില്ല എന്നും തന്റെ കുടുംബാംഗങ്ങളോട് അദ്ദേഹം പറഞ്ഞിരുന്നു. ആവശ്യമായി വന്നാലും 6 മണിക്കൂറെ പാടുള്ളു എന്നും വെന്റിലേറ്റർ ഉപയോഗിക്കരുതേ എന്നും ആശ്വാസ ചികിത്സയാണ് അന്ത്യനാളുകളിൽ ആവശ്യമെന്നും കത്തെഴുതി വച്ചിരുന്നു. ഞാൻ ശാന്തനായി പോകട്ടെ എന്നും എന്റെ ആത്മാവ് നിത്യശാന്തിയിൽ വിശ്രമിക്കട്ടെ എന്നും കത്തിൽ ഉണ്ടായിരുന്നു.

> "ഞാൻ എന്റെ മകനോട് പറയാറുണ്ട്. എനിക്ക് വയ്യാതെ ആയെന്ന് കരുതി നീ എന്നോടൊപ്പം വന്ന് താമസിക്കേണ്ട കാര്യമില്ല. നീ നിന്റെ മക്കൾക്കൊപ്പം സുഖമായി ജീവിക്കണം. അവർക്കൊപ്പം സായാഹ്നങ്ങളും വാരാന്ത്യങ്ങളും ചിലവഴിക്കണം. വാഹനംപോലെ തന്നെ ജീവിതവും മുമ്പോട്ടാണ് ഓടിക്കേണ്ടത്. നീയും നിന്റെ വാഹനവും മുന്നോട്ട് തന്നെ ഓടിക്കുക. ഇടയ്ക്ക് റിയർ വ്യു മിററിലൂടെ എന്റെ വാഹനം പിന്നിൽ ഉണ്ടോ എന്ന് നോക്കിയാൽ മാത്രം മതി. എന്തെങ്കിലും ആവശ്യം വന്നാൽ ഞാൻ ഹോൺ അടിച്ചുകൊള്ളാം.

അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി. നിർമ്മല അകാലത്തിൽ വിട്ടുപോയപ്പോൾ അദ്ദേഹം വീടിനു വെളിയിൽ എഴുതി വച്ചു.

"ഈ വീട്ടിൽ ഞാനും ദൈവവും ഒറ്റയ്ക്കാണ്." ബൈബിൾ നിഘണ്ടു മുതൽ സ്വന്തം ചരമക്കുറിപ്പുവരെ തയ്യാറാക്കിയ എഴുത്തുകാരനായിരുന്നു ഡോ.ഡി. ബാബുപോൾ. ആയുസ്സു കണക്കുകൂട്ടി അദ്ദേഹം മരണത്തിന് ഒരുങ്ങി. മരണത്തിനു മുമ്പേ അദ്ദേഹം തയ്യാറാക്കിയ ഓഡിയോ ക്ലിപ്പ് അദ്ദേഹത്തിന്റെ സഹായികൾ മരണശേഷം പുറത്തുവിട്ടു. ആ ഓഡിയോയിൽ പറയുന്നു, "ഈ വാർദ്ധക്യത്തിലും എന്നെ ഉപയോഗിച്ച ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഞാൻ നിന്നെ നരയ്ക്കുവോളം ചുമക്കുമെന്ന് പറഞ്ഞവനായാണ് വാർദ്ധക്യത്തിലും ഫലം കായ്ക്കുവാൻ എന്നെ പ്രാപ്തനാക്കിയ ദൈവത്തിനു സ്തോത്രം. ഇത് നിങ്ങൾ എന്ന് കേൾക്കുമെന്ന് ഞാൻ അറിയുന്നില്ല. ദൈവം മാത്രമാണ് അറിയുന്നത്." ഇങ്ങനെ പോകുന്നു ആ വാക്കുകൾ.

ശ്രീ. ബാബുപോൾ ഒരിക്കൽ പതിവു പംക്തിയിൽ ഇങ്ങനെ എഴുതി. ജീവിതത്തിൽ രണ്ട് ആഗ്രഹങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. ഉമ്മൻചാണ്ടിയും പിണറായി വിജയനും മുഖ്യമന്ത്രി ആയി കാണണം. ആദ്യത്തേത് സാധിച്ചു. രണ്ടാമത്തേത് സാധിക്കുമെന്ന് പിണറായിയോട് തന്നെ അദ്ദേഹം നേരിട്ട് പറഞ്ഞതിന്റെ മൂന്നു മാസം കഴിഞ്ഞപ്പോൾ ശ്രീ. പിണറായി മുഖ്യമന്ത്രി ആയി.

ക്നാനായ സമുദായത്തോടും ക്ലീമീസ്തിരുമേനിയോടും വളരെ ആത്മബന്ധമുള്ള ആളായിരുന്നു ശ്രീ.ഡോ.ഡി ബാബുപോൾ. എന്ന് കോട്ടയംവഴി യാത്ര ചെയ്യുന്നോ, അന്നൊക്കെ മാർ അപ്രം സെമിനാരിയിൽ കയറാതെ പോകുകയില്ലായിരുന്നു. അദ്ദേഹം ഒരു മീഡിയയിലെ അഭിമുഖത്തിൽ ഇങ്ങനെ പറയുന്നു ക്ലീമീസ് തിരുമേനി ഒരു മഹാനായ മനുഷ്യൻ ആയിരുന്നു എന്നും മലങ്കരയിൽ മെത്രാന്മാർ നിന്നുകൊണ്ട് പ്രസംഗിക്കുവാൻ തുടങ്ങിയത് ക്ലീമീസ് തിരുമേനിയുടെ കാലത്താണ്. അത് മാതൃകയായി കാണിച്ചുകൊടുത്തത് ചെറുപ്പക്കാരനായ ക്ലീമീസ് തിരുമേനി ആയിരുന്നു എന്നും ക്നാനായ ഐഡന്റിറ്റി നിലനിർത്തിയത് ക്ലീമീസ് തിരുമേനി ആണെന്നും അത് നിലനിർത്തുന്നതിനുവേണ്ടി ആണ് അദ്ദേഹം കാതോലിക്ക സ്ഥാനം തന്നേക്കാട്ടിലും ചെറുപ്പം കുറഞ്ഞ അന്നത്തെ പീലക്സീനോസ് തിരുമേനിയെ ആക്കുവാൻ മുൻകൈ എടുത്തത്. അതുപോലെ തന്നെ 1995 ലെ സുപ്രീംകോടതി വിധി ക്നാനായ സമുദായത്തിന് അനുകൂലമായി സമ്പാദിച്ചത്.

ക്ലീമീസ് തിരുമേനിയുടെ കഴിവു കൊണ്ടാണെന്ന് അദ്ദേഹം പറയുമായിരുന്നു. ക്നായിത്തോമ്മായും ഇട്ടിത്തൊമ്മൻ കത്തനാരും കഴിഞ്ഞാൽ പിന്നെ ക്ലീമീസ് തിരുമേനി ആയിരുന്നു ക്നാനായ സമുദായത്തിന്റെ അമരക്കാരനെന്നും അദ്ദേഹം പറഞ്ഞിരുന്നു. ക്ലീമീസ് തിരുമേനിയുടെ പിൻഗാമിയായ ഇപ്പോഴത്തെ സമുദായ മെത്രാപ്പോലീത്ത ആർച്ചുബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ തിരുമേനിയുമായും ശ്രീ. ബാബുപോളിന് ആത്മബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ വിവാഹം പി.എ പൗലോസ് ശെമ്മാശനുമായി ആലോചിച്ച് ഉറപ്പിച്ചത് സേവേറിയോസ് തിരുമേനിയുടെ ഗ്രാന്റ്ഫാദറിന്റെ സഹോദരനായിരുന്നുവെന്ന് ശ്രീ. ബാബുപോൾ പറയുമായിരുന്നു. അതുപോലെ തന്നെ ക്നാനായ സമുദായത്തിലെ മറ്റു സഹായമെത്രാപ്പോലീത്തമാരോടും വലിയ സ്നേഹവും ആത്മബന്ധവും ഉണ്ടായിരുന്നു. നമ്മുടെ എല്ലാ പരിപാടികളിലും വന്ന് പ്രഭാഷണം നടത്തുകയും ചെയ്തിരുന്നു. അവസാനമായി ക്ലീമീസ് തിരുമേനിയുടെ ശ്രാദ്ധപെരുന്നാളിൽ വന്ന് പ്രഭാഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ.റോയി പോൾ IAS ഉം ക്നാനായ സമുദായവുമായി വളരെ ആത്മബന്ധം പുലർത്തുന്ന ആളാണ്. അദ്ദേഹവും ഒരു പ്രഭാഷകനാണ്. കഴിഞ്ഞ ക്രിസ്തുമസ് ഈവിന് ക്നാനായ സമുദായത്തിന് ക്രിസ്തുമസ് ദൂത് തന്നത് അദ്ദേഹമാണ്. യാക്കോബായ സഭയിൽ ഒരു ഭവനത്തിൽ രണ്ടു IAS കാർ ഉണ്ടാകുന്നത് വിരളമാണ്.

സമുദായ ട്രസ്റ്റി ശ്രീ. സ്കറിയ തോമസും ശ്രീ. ബാബുപോളും ഉറ്റ സുഹൃത്തുക്കളായിരുന്നു വ്യക്തിപരമായി എന്റെ പല കാര്യങ്ങളിലും എനിക്ക് വഴികാട്ടിയും എന്റെ ഒരു സഹോദരനെപോലെ പെരുമാറുകയും ചെയ്ത അദ്ദേഹത്തിന്റെ ദേഹവിയോഗം എനിക്ക് വ്യക്തിപരമായും ക്നാനായ സമുദായത്തിനും മറ്റ് ക്രിസ്തീയ സഭകൾക്കും ഒരു തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ ആത്മാവിനെ അബ്രഹാമിൻ മടികളിൽ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ക്നാനായ സമുദായത്തിന്റെ**


**ആദരാഞ്ജലികൾ**

# ക്നാനായ മക്കളുമായി ഉടയാത്ത ബന്ധം കാത്തുസൂക്ഷിച്ച മാണിസാറിന് വിട

**ഫാ. മോനായി കെ. ഫിലിപ്പ്**

2019 ഏപ്രിലിന്റെ ഒരു തീരാ നഷ്ടമാണ് ശ്രീ.കെ.എം. മാണി എന്ന കേരള രാഷ്ട്രീയത്തിലെ ഇതിഹാസതാരത്തിന്റെ വിടവാങ്ങൽ. അര നൂറ്റാണ്ടിലേറെ കേരള രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയും, എം.എൽ.എയുമായി പ്രവർത്തിച്ചപ്പോഴും, ക്നാനായ സമുദായവുമായി ഉടയാത്ത ബന്ധം കാത്തുസൂക്ഷിച്ചതിൽ കേരള ജനതയോടൊപ്പം ക്നാനായ മക്കളും, കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ.കെ.എം. മാണി സ്മരണയുടെ പുസ്തകത്തിൽ നിറഞ്ഞു നിൽക്കുന്നത് റെക്കോർഡുകളുടെ മനുഷ്യനായാണ്. 1965 ൽ പാലായിൽനിന്ന് ആദ്യമായി നിയമ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് പാലായുടെ സ്വന്തം സാമാജികനായി 13 തവണ പ്രതിനിധീകരിച്ചതും, 24 വർഷം മന്ത്രിസ്ഥാനം അലങ്കരിച്ചതും, 12 മന്ത്രിസഭകളിൽ അംഗമായതും, 11 വർഷവും 8 മാസവും ധനമന്ത്രിയായതും, 21 വർഷവും 2 മാസവും നിയമമന്ത്രിയായതും, 51 വർഷം എം.എൽ.എ. ആയതുമെല്ലാം മാണിസാറിന്റെ സ്വന്തമായ റെക്കോർഡുകളത്രെ.



സ്വദേശം മരങ്ങാട്ടുപള്ളിയായിരുന്നുവെങ്കിലും, എം.എൽ.എ. യുടെ സേവനങ്ങൾ നിയോജക മണ്ഡലത്തിൽ കൂടുതൽ ആകണമെന്ന ദർശനത്തിന്റെ അനന്തരമായി പാലായിൽ താമസം ആക്കിയ രാഷ്ട്രീയ ഭീഷ്മാചാര്യനായ മാണിസാർ സ്നേഹം കൊണ്ടും, കരുതൽകൊണ്ടും തനിക്കൊപ്പമുള്ളവരുടെ മനസ്സ് കവർന്നു. കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങൾക്കൊപ്പം പ്രതികരിക്കുന്നതിൽ പ്രഥമസ്ഥാനം തന്നെ മാണിസാർ അലങ്കരിച്ചു. 'കാരുണ്യലോട്ടറി' എന്ന സംരംഭം സാധാരണക്കാർക്ക് ചികിത്സാ സഹായം നൽകി അനേകർക്ക് ഉപകാരപ്പെടുന്നത് മാണിസാറിന്റെ മനോമുകുരത്തിൽ നിന്നാണ് ആരംഭിച്ചത്.

മാണിസാർ വെറുമൊരു രാഷ്ട്രീയക്കാരൻ മാത്രമായിരുന്നില്ല. അതിനപ്പുറം അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത് എപ്പോഴും ഉടയാത്ത ജുബ്ബായും, ഖദർമുണ്ടും ധരിച്ച വേഷഭൂഷാദികളിൽ മാത്രമല്ല, പ്രവർത്തനങ്ങളിലെ ആത്മാർത്ഥത അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. നിയമ സഭകളിലെ ചർച്ചകൾക്കായി വളരെയേറെ അദ്ദേഹം 'ഹോം വർക്ക് ചെയ്യുമായിരുന്നു എന്ന് പലരും പറഞ്ഞിട്ടുണ്ട്.

ക്ഷമാശീലനായ വ്യക്തിയായിരുന്നു മാണിസാർ, എന്ന് എതിർ പക്ഷത്തുള്ളവർപോലും സൂചിപ്പിച്ചിരുന്നു. കൂടെ നിന്നവർ കാലുമാറിയപ്പോഴും, അവരെ വ്യക്തിപരമായി ആക്രമിക്കുവാൻ തയ്യാറാകാതിരുന്നത് അദ്ദേഹത്തിന്റെ ക്ഷമാശീലത്തിന്റെ ഉത്തമ ഉദാഹരണമാണ്.

അതിജീവനത്തിന്റെ ആള്രൂപമായി അദ്ദേഹത്തെ വിശേഷിപ്പിക്കുവാൻ സാധിക്കും. ആരോപണങ്ങളുടെ അനന്തരമായി മന്ത്രിസ്ഥാനത്തുനിന്നു മാറി നിൽക്കേണ്ടി വന്നപ്പോളും അതിൽ നിന്നെല്ലാം ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ അദ്ദേഹം അതിജീവനത്തിന്റെ മാതൃകയായി അവശേഷിക്കുന്നു.

ഇത്രയേറെ സ്ഥാനമാനങ്ങൾ ലഭിച്ചിട്ടും ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം പ്രകടിപ്പിക്കുന്നതാണ് ഞായറാഴ്ചകളിൽ നിർബന്ധമായി ദൈവാലയത്തിൽ വി.കുർബ്ബാനയിൽ സംബന്ധിക്കുന്നതും ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും ധ്യാനത്തിൽ പങ്കെടുക്കുക എന്നതും. ദൈവാശ്രയബോധമാണ് എല്ലാവർക്കും ഉണ്ടാകേണ്ടത് എന്ന് അദ്ദേഹത്തിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

യുവതലമുറയ്ക്ക് എന്നും ഒരു പ്രചോദനമായിരുന്നു മാണിസാർ. യുവ എം.എൽ.എ.മാർ വിജയിച്ചു കഴിയുമ്പോൾ, നിയമ സഭയിൽ എങ്ങനെ പെരുമാറണം, പ്രസംഗിക്കണം, പ്രശ്നങ്ങളിൽ എങ്ങനെ ഇടപെടണം, തുടങ്ങിയവയെക്കുറിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുവാൻ അദ്ദേഹം കാണിച്ച ഉത്സുകത മറ്റുള്ളവർക്ക് പ്രചോദനമായി.

എന്റെ മുൻതലമുറയിൽ ഉള്ളവർ ഉൾപ്പെടെയുള്ള ക്നാനായ മക്കളെ സംബന്ധിച്ചിടത്തോളം, സമുദായതലത്തിൽ നടന്ന ഏതൊരു പൊതുസമ്മേളനത്തിന്റെയും മുഖ്യശ്രദ്ധയെന്നത് ശ്രീ.കെ.എം. മാണി എന്ന എം.എൽ.എയൊ, മന്ത്രിയൊ ആയിരുന്നു. സിറിയൻകുടിയേറ്റ വാർഷികം ചിങ്ങവനമെന്നില്ല, വെളിയനാടെന്നില്ല, തെങ്ങേലിയോ, റാന്നിയൊ എവിടെ ആയാലും, മുഖ്യപ്രസംഗകരിൽ ഒരാൾ മാണിസാർ ആയിരുന്നു. അവിടെയെല്ലാം ക്നാനായ സമുദായത്തിന്റെ തനതായ സംസ്ക്കാരത്തെക്കുറിച്ചും, തനിമയെക്കുറിച്ചുമെല്ലാം നമ്മെത്തന്നെ ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങളാണ് മാണിസാറിൽനിന്നും ഉണ്ടായിട്ടുള്ളത്. ക്നാനായ സമുദായ അംഗമെന്ന നിലയിൽ അഭിമാനം കൊള്ളാൻ തക്കവിധമുള്ള ആഹ്വാനങ്ങൾ, ശബ്ദഗാംഭീര്യത്തോടെ അവതരിച്ചിട്ടുള്ള മാണിസാർ നമ്മുടെ ഭാഗമായിത്തന്നെ നാം കണ്ടിട്ടുണ്ട്.

അദ്ദേഹം ഗുരുവായി കരുതിയിട്ടുള്ള നമ്മുടെ പ്രിയപ്പെട്ട യശഃശരീരനായ വയലാ വല്യച്ചായന്റെ കൂടെ അപ്രേം സെമിനാരിയിലേക്ക് വന്ന്, കുഞ്ഞുമാണിയെന്ന് അഭി. ക്ലീമീസ് വലിയ മെത്രാപ്പോലീത്തായെ വല്യച്ചായൻ പരിചയപ്പെടുത്തിയതും, ഇടയ്ക്കിടയ്ക്ക് ക്ലീമീസ് തിരുമേനിയെ വന്നു കാണുന്നതിനെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ നമ്മോടുള്ള സൗഹൃദത്തെ കുറിക്കുന്നു. അഭി. ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ രജത ജൂബിലി സമ്മേളനത്തിൽ അന്നത്തെ ധനകാര്യമന്ത്രി മാണി

# കർത്താവിന്റെ പുനരുത്ഥാനവും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിലുള്ള ബന്ധം എന്ത്?

പ്രാചീനകാലം മുതൽ തന്നെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് മനുഷ്യൻ ഏറെ ചിന്തിക്കുകയും, വ്യത്യസ്ഥമതങ്ങളിൽ വ്യത്യസ്തങ്ങളായ ചിന്തകളും പഠിപ്പിക്കലുകളും നിലനിൽക്കുകയും ചെയ്തിരുന്നു. പുരാതനമായ ബാബിലോണിയൻ ചിന്ത, പേർഷ്യൻ മതം, യവന ചിന്ത, റോമൻ ചിന്ത, യഹൂദ വിശ്വാസം, ഭാരതീയ ഹൈന്ദവ വിശ്വാസം ഇവയിലൊക്കെ ഇതു കാണാം. മഹാന്മാരായ ആളുകളുടെ മൃതശരീരം കേടുകൂടാതെ സൂക്ഷിച്ചുവച്ചതും (മമ്മികൾ) പിതൃക്കൾക്കുവേണ്ടി ബലി അർപ്പിച്ചിരുന്നതും ഒക്കെ മനുഷ്യാത്മാക്കൾ മരണാനന്തരവും ജീവിക്കുന്നു എന്നോ അഥവാ വീണ്ടും ജീവിക്കും എന്നോ ഉള്ള വിശ്വാസത്തിൽ നിന്നായിരിക്കണം.

അബ്രഹാമിനെ പൂർവ്വപിതാവായി അംഗീകരിക്കുന്ന യഹൂദ മതത്തിൽ തന്നെ ന്യായപ്രമാണ വ്യാഖ്യാതാക്കളായ ശാസ്ത്രിമാരും പരീശന്മാരും ഈ കാര്യത്തിൽ വ്യത്യസ്ഥ വിശ്വാസം ഉള്ളവരായിരുന്നു. പരീശന്മാർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നുവെങ്കിലും ശാസ്ത്രിമാർ അങ്ങനെ വിശ്വസിച്ചിരുന്നില്ല. (മത്തായി 22:23).

വി. ബൈബിളിൽ ഉല്പ്പത്തിയിലെ ദൈവത്തിന്റെ സൃഷ്ടികർമ്മം ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് ചിന്തിക്കുവാൻ കാരണമായി എന്നു കരുതാം. അതായത് ഭൂമിയും അതിലെ സകലചരാചരങ്ങളും ''ഉണ്ടാവട്ടെ" എന്നുള്ള ദൈവിക ശബ്ദത്താൽ സൃഷ്ടിക്കപ്പെടുമ്പോൾ (ഉല്പ.1:1–25) മനുഷ്യസൃഷ്ടിയിൽ ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലും കരസ്പർശനവും കാണാം (ഉല്പ.1:26–27). അവന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതി എന്നു പറയുമ്പോൾ (ഉല്പ.2:7) അത് വെറും ജീവൻ എന്നതിനെക്കാൾ ദൈവീകമായ അംശം മനുഷ്യനിലേക്ക് പകർത്തപ്പെട്ടു എന്നും ദൈവം നിത്യനാകയാൽ ദൈവീക അംശമായ മനുഷ്യനിലെ ആത്മാവിനും നിത്യതയുണ്ടെന്നും മനുഷ്യൻ വിശ്വസിച്ചു. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ജഡം മണ്ണിലേക്കും ആത്മാവ് അതിനെ നൽകിയവനിലേക്കും തിരിച്ചുപോകുമെന്ന് (സഭാപ്രസംഗി 12:7) ജ്ഞാനിയായ ശലോമോനും, മാൻ നിർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ എന്റെ ആത്മാവ് ദൈവത്തോട് ചേരുവാൻ കാംക്ഷിക്കുന്നു എന്ന് (സങ്കീ. 42:1) സങ്കീർത്തനക്കാരനും പറയുമ്പോൾ അവിടെ അനശ്വരയെക്കുറിച്ചുള്ള മനുഷ്യന്റെ പഴയനിയമവിശ്വാസം ദർശിക്കാം.

യേശുക്രിസ്തു വന്നപ്പോൾ ആത്മാവിന്റെ നിത്യതയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുകയും താബോർ മലയിലെ തേജസ്കരണത്തിൽ മരിച്ച് അടക്കപ്പെട്ട മോശയേയും രൂപാന്തരം പ്രാപിച്ച് എടുക്കപ്പെട്ട ഏലിയായേയും ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തുവെങ്കിലും (മത്തായി 17:1–8, ലൂക്കോ. 9:28–36) കർത്താവിന്റെ പുരരുത്ഥാനത്തോടുകൂടിയാണ് ആത്മാവിന്റെ അനശ്വര ലോകത്തിന് വ്യക്തമായത്. യേശു മരിച്ചവരിൽ നിന്ന് പുനരുത്ഥാനം ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുമായിരുന്നു എന്ന് അപ്പോസ്തോലനായ പൗലോസും പറഞ്ഞത് അതുകൊണ്ടാണ് (1. കൊരി.15–14).

"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നും, ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവരാരും ഒരുനാളും മരിക്കയില്ലെന്നും" കർത്താവു പറഞ്ഞപ്പോൾ (Jn 11:25–26) അത് വിശ്വാസികൾക്ക് ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ഉറപ്പും വാഗ്ദത്വവും ആയിരുന്നു.

മരിച്ച് അടക്കപ്പെട്ട കർത്താവ് മൂന്നാം ദിവസം കല്ലറയ്ക്ക് പുറത്ത് മഗ്ദലന മറിയത്തിനും (യോഹ. 20:11–14) മുറിയ്ക്കുള്ളിൽ ഭയപ്പെട്ടിരുന്ന ശിഷ്യന്മാരുടെ നടുവിലും (യോഹ.20:19). തിബേരിയോസ് കടൽത്തീരത്തുവെച്ച് വീണ്ടും ശിഷ്യന്മാർക്കും (യോഹ.21:1–14), എമ്മവൂസിലേക്ക് യാത്ര പോയ രണ്ട് സ്നേഹിതർക്കും (ലൂക്ക് 24:13–35) ഒക്കെ പ്രത്യക്ഷപ്പെടുകയും, അപ്രത്യക്ഷമാവുകയും ചെയ്തപ്പോൾ തനിക്കുണ്ടായിരുന്ന ശരീരത്തെ തേജസ്കരിക്കപ്പെട്ട ശരീരം (Glorified Body) എന്നാണ് പിതാക്കന്മാർ വിളിക്കുന്നത്. ഒരു വിശ്വാസിക്ക് കർത്താവിന്റെ രണ്ടാമത്തെ വരവിൽ, പുനരുത്ഥാനത്തിൽ ലഭിക്കാൻ പോകുന്ന ശരീരത്തിന്റെ അച്ചാരമായി (Advance) ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരത്തെ കാണാവുന്നതാണ്.

എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെന്നും, അവസാന നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും എന്നും കർത്താവ് പറഞ്ഞപ്പോൾ (യോഹ. 6:40, 44, 54) തന്റെ ശരീര രക്തങ്ങൾ (വി.കുർബ്ബാന) അനുഭവിച്ച് വാങ്ങിപ്പോകുന്ന വിശ്വാസികൾക്കാണ് ആ ഭാഗ്യം ലഭിക്കുന്നതെന്ന് വ്യക്തം. അതുകൊണ്ടാണ് പരി. സഭാവിശ്വാസികളുടെ മൃതശരീരത്തെ ആഘോഷപൂർവ്വം ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും, പ്രാർത്ഥനാപൂർവ്വം സംസ്കരിക്കുകയും പിന്നീട് സംസ്ക്കരിക്കപ്പെട്ട സ്ഥലത്തു- ചെന്നു നിന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ കർത്താവിന്റെ പുനരുത്ഥാനവും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ●

---

സാർ നടത്തിയ പ്രസംഗത്തെക്കുറിച്ച് ഇന്നും ചില ആളുകൾ അയവിറക്കാറുണ്ട്. 1997 ഫെബ്രുവരി 11 ന് ക്ലീമീസ് തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി പണി കഴിപ്പിച്ച ക്ലീമീസ് സെന്ററിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് ഭാരതത്തിന്റെ അന്നത്തെ ഉപരാഷ്ട്രപതി ശ്രീ. കെ.ആർ നാരായണൻ അവർകളെ പ്രസംഗിക്കുവാനായി മാണിസാർ ക്ഷണിച്ചതുമെല്ലാം മാണിസാറുമായി സമുദായത്തിന് ഉള്ള ഗാഢമായ ബന്ധം വെളിപ്പെടുത്തുന്നു. അതാണ് മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുന്നാളുകളിൽ മിക്ക വർഷങ്ങളിലും കടന്നുവരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

മോർ ക്ലീമ്മീസ് തിരുമേനിക്ക് ശേഷവും നമ്മുടെ ഇന്നത്തെ അഭി. തിരുമേനിമാരോടും, ക്നാനായ സമുദായവുമായുള്ള ബന്ധവും അല്പംപോലും ഉടയാതെ തുടരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യൻ പ്രായോഗിക രാഷ്ട്രീയത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കാവുന്ന, ക്നാനായ സമുദായവുമായി ഉടയാത്ത ബന്ധം വെൺമയോടെ എന്നും കാത്തു സൂക്ഷിച്ച, പ്രിയപ്പെട്ട മാണിസാറിന്റെ ആകസ്മികമായ നിര്യാണത്തിൽ, ക്നാനായ മക്കളുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●

# ശാസ്ത്രവും സാഹിത്യവും സംഗീതവും

പ്രൊഫ. ടോണി മാത്യു

മനുഷ്യൻ സത്യാന്വേഷണ വ്യഗ്രനാണ്. അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള മാർഗ്ഗമാണ് അതിനുതേടുന്നത്. ശാസ്ത്രവും സാഹിത്യവും തത്വചിന്തയുമതിലുണ്ട്. ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ, ഇവ പരസ്പര വിരുദ്ധമല്ല, മറിച്ച് പരസ്പര പൂരകമാണ്. വികാരത്തിന്റെ ശാസ്ത്രമെന്ന് സാഹിത്യത്തെക്കുറിച്ചും വിചാരത്തിന്റെ കലയെന്നു ശാസ്ത്രത്തെക്കുറിച്ചും പറയാറുണ്ട്. ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളും പ്രഹേളികകളുമാണ് തത്വചിന്തകന്റെ വിഷയം. എല്ലാവരുടെയും ഉന്നം ജീവിതത്തെ അപഗ്രഥിച്ച്, അപോദ്ധരിച്ച് സത്യം കണ്ടെത്തുക എന്നുള്ളതാണ്. ക്ഷിപ്രസാധ്യമായ കാര്യമല്ല അത്. എങ്കിലും മനനഃശീലനായ മനുഷ്യൻ അന്വേഷിച്ചുകൊണ്ടേയിരിക്കും!

തത്വശാസ്ത്രത്തിന്റെ അവിഭാജ്യഘടകമായ മതാത്മകദർശനത്തിന് ഇക്കാര്യത്തിൽ കൂടുതൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ഭൗതികാതീതമായ ഒരു ശക്തിയെ അവലംബിച്ചുകൊണ്ടുള്ള ഭക്തിജന്യമായ അന്വേഷണമാണിത്. എപ്പോഴും യുക്തിക്കു സ്ഥാനം ലഭിച്ചെന്നുവരില്ല. വിശ്വാസമാണ് അടിത്തറ. അതിൽ പടുത്തുയർത്തിയ വേദശാസ്ത്രവും ദൈവശാസ്ത്രവും ഉത്തരം കണ്ടെത്താൻ സഹായിക്കുന്നു, ആശ്വാസമായി.

വസ്തുപ്രപഞ്ചത്തിന്റെ നിലപാടു തറയിൽ ഉറച്ചു നിൽക്കുന്ന ദാർശനികന്റെയും ശാസ്ത്രജ്ഞന്റെയും സഞ്ചാരപഥങ്ങൾ സങ്കീർണ്ണമാണ്. കാരണം, ഭക്തിയുണ്ടെങ്കിലും ഇല്ലെങ്കിലും യുക്തിയെക്കൂടി ആശ്രയിക്കേണ്ടിവരും. അപ്പോഴുണ്ടാകുന്ന ചിന്താക്കുഴപ്പമാണ്, അവരുടെ അന്വേഷണത്തെ സൂക്ഷ്മമാക്കുന്നത്. ദൈവത്തിലാശ്രയിച്ച്, എളുപ്പമാർഗ്ഗത്തിൽ സത്യം കണ്ടെത്താൻ വിധിക്കപ്പെട്ടവരല്ല അവർ സംശയാത്മാക്കളായേ ഏതിനെയും സമീപിക്കൂ. തലനാരിഴ കീറി പരിശോധിച്ച് കണ്ടെത്തുന്ന സത്യംപോലും കാലക്രമേണ തെറ്റായിമാറുന്നത്, ശാസ്ത്രലോകത്തു നാം കണ്ടുകൊണ്ടിരിക്കുന്നു. അപ്പോൾ ശാശ്വതസത്യം എന്നൊന്നുണ്ടോ? ഇല്ല എന്ന് ഫിസിസിസ്റ്റും (ഭൗതികവാദികൾ) ഉണ്ട് എന്ന് മെസ്റ്റാഫിസിസിസ്റ്റുകളും (അദ്ധ്യാത്മ്യവാദികൾ) ആണയിടുന്നു, അതൊരു സമാന്തര രേഖയായി പൊയ്ക്കൊണ്ടിരിക്കും.

ദൈവാസ്തിത്വത്തെക്കുറിച്ച് ശാസ്ത്രജ്ഞർ പറയുന്നത് കേൾക്കാനിച്ഛിക്കുന്നവരുണ്ട്. രണ്ടുതരത്തിലാണ് രണ്ടു സന്ദർഭങ്ങളിൽ ഐൻസ്റ്റൈൻ പറഞ്ഞത്, ദൈവം ദുർജ്ഞേയനാണ് പക്ഷെ, പകയുള്ളവനല്ല, ദൈവം പകിടകളിക്കാറില്ല എന്നിവയാണവ. വ്യാഖ്യാനഭേദങ്ങൾക്ക് വക തരുന്നതാണിവ. സ്വയം തിരുത്തുന്നതാണ് ശാസ്ത്രം. ഇന്നലെ ചെയ്ത അബദ്ധം ഇന്നത്തെ ആചാരമോ നാളത്തെ ശാസ്ത്രമോ ആവാൻ ശാസ്ത്രജ്ഞൻ അനുവദിക്കുകയില്ല. അരിസ്റ്റോട്ടിലിന്റെ ഭൂമികേന്ദ്രിത സിദ്ധാന്തത്തെ (ക്രിസ്തീയ സഭ വിശ്വസിച്ച സൗരയൂഥസിദ്ധാന്തം) കോപ്പർനിക്കസ് തിരുത്തി സൂര്യകേന്ദ്രപ്രപഞ്ചനിയമമാക്കി. ദൂരദർശിനി ഉപയോഗിച്ച് ഗലീലിയോ അതുറപ്പാക്കി. മതവിശ്വാസത്തിനെതിരായതിനാൽ മാർപ്പാപ്പാ ഗലീലിയോയെ വിലക്കി. മതക്കോടതിക്കു മുമ്പിൽ തന്റെ സിദ്ധാന്തങ്ങളെ തള്ളിപ്പറഞ്ഞെങ്കിലും ശബ്ദം താഴ്ത്തിപ്പറഞ്ഞു. Epur sirmoue"- And yet it moves എങ്കിലും അതു ചലിക്കുന്നു. ശാസ്ത്രാന്വേഷണത്തിന്റെ മഹാമന്ത്രമാണിത്.

1642 ൽ ഗലീലിയോ മരിച്ചപ്പോൾ ന്യൂട്ടൺ ജനിച്ചു. ഭൗതികശാസ്ത്രത്തിന്റെ വേദപുസ്തകമായ 'Philosophie Naturalis Principia Mathematica' (Mathematical Principles of Natural Philosophy) എഴുതിയ ന്യൂട്ടൺ വിനയാന്വിതനായി എഴുതി. "മറ്റുള്ളവരിൽനിന്നും ദൂരത്തേക്ക് ഞാനെന്തെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ അത് എനിക്കു മുൻപുണ്ടായിരുന്ന അതികായന്മാരുടെ തോളത്തു ചവിട്ടിനിന്നു നോക്കാൻ സാധിച്ചതുകൊണ്ടുമാത്രമാണ്. യഥാർത്ഥത്തിൽ കടൽക്കരയിലെ മണൽത്തരികളുമായി കളിക്കുന്ന ഒരു കൊച്ചുബാലൻ മാത്രമാണു ഞാൻ. കളികൾക്കിടയിൽ ഭംഗിയുള്ള ഒരു കല്ലോ അഴകാർന്ന ഒരുചിപ്പിയോ ഞാൻ കണ്ടെടുത്തുവെന്ന് വരാം. പക്ഷേ അപ്പോഴൊക്കെ രഹസ്യങ്ങളുടെ അവസാനിക്കാത്ത കലവറ ബാക്കിവച്ച് എന്റെ മുന്നിൽ ഒരു സമുദ്രംതന്നെ കിടക്കുന്നു.

പ്രപഞ്ച രഹസ്യങ്ങളുടെ അനേകം അറകൾ തുറന്നുതന്ന ഈ മഹാഗ്രന്ഥമെഴുതിയ ഐസക്ക് ന്യൂട്ടന് ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് ആംഗലേയ കവി അലക്സാണ്ടർ പോപ്പ് എഴുതിയ വരികൾ നോക്കൂ.

Nature and natures laws  
Lay hid in night,  
God said: Let Newton be  
and all was light

ശാസ്ത്രജ്ഞന് സാഹിത്യകാരനർപ്പിക്കുന്ന ഹൃദയാഞ്ജലി

അനന്തമജ്ഞാതമവർണനീയ  
മീലോകഗോളം തിരിയുന്നമാർഗ്ഗം  
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു  
നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു?

നാലപ്പാട്ടുനാരായണമേനോൻ എഴുതിയ ഈ വരികൾക്ക് ഇന്നും പ്രസക്തിയുണ്ട്. ശാസ്ത്രജ്ഞൻ ആ ബ്രഹ്മാണ്ഡത്തെ കരതലാമലകമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഐൻസ്റ്റൈനും കാപ്രയും കാൾസാഗനും സ്റ്റീഫൻ ഹോക്കിംഗ്സും സഞ്ചരിച്ച ദുർഘടം പിടിച്ച വഴി പുതിയ തലമുറയുടെ മുമ്പിൽ തുറന്നു കിടക്കുകയാണ്. സത്യം കണ്ടെത്തുവോളം ശാസ്ത്രാന്വേഷണത്വരക്ക് ശമനമില്ല.

മനുഷ്യാത്മാവിന്റെ എഞ്ചിനീയർമാർ എന്ന് ലെനിൻ വിശേഷിപ്പിച്ച എഴുത്തുകാർ, മനുഷ്യരുടെ ആന്തരസത്യം കണ്ടെത്താനാണ് തങ്ങളുടെ തൂലിക തുഴഞ്ഞ് സഞ്ചരിക്കുന്നത്. മനുഷ്യമനസ്സിനെ അപഗ്രഥിച്ച്, അതിലെ സത്യവും ഉണ്മയും തിരിച്ചറിയുന്നു. കാളിദാസന്റെയും ഷേക്സ്പിയറുടെയും കഥാപാത്രങ്ങൾ എന്തെല്ലാം വിഭിന്നങ്ങളും വിചിത്രങ്ങളുമായ വഴികളിലൂടെയാണ് വായനക്കാരെ കൊണ്ടുപോകുന്നത്. അവരുടെ ജീവിതദർശനം, സൗന്ദര്യസങ്കല്പം, പ്രകൃത്യുപാസന എല്ലാം നമുക്ക് നൂതനങ്ങളായ കാഴ്ചകളാണ് സമ്മാനിക്കുന്നത്. അറിഞ്ഞതിൽ നിന്നും അറിയാത്തതിലേക്കുള്ള അനന്തയാത്ര! അഭിജ്ഞാന ശാകുന്തളവും ഒഥല്ലോയും കാരമസോവ് സഹോദരന്മാരും പാവങ്ങളും അന്നാകരിനീനയും ഗീതാഞ്ജലിയും ചിന്താവിഷ്ടയായ സീതയും ഖസാക്കിന്റെ ഇതിഹാസവും നമ്മുടെ കാഴ്ചപ്പാ

ശേഷം 22-ാം പേജിൽ

# 49 –ാം വിവാഹ വാർഷികം



"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

**K. T. ജേക്കബ് & കുഞ്ഞമ്മ ജേക്കബ്**
കാഞ്ഞിരപ്പള്ളിൽ, കുഴിമറ്റം
ചിങ്ങവനം

ആശംസകളോടെ
മക്കൾ



# 40th Wedding Anniversary



## K. G. Abraham & Jessy Abraham

**Kayyalethu Malayil**

Best Compliments from
Nisha, Bimal, Niju, Litty, Neethu, Jipu

# ആത്മീയ യുവജന ദേശീയ ക്യാമ്പ്



മലങ്കര സുറിയാനി ക്നാനായ യുവജന ആത്മീയ ദേശീയ ക്യാമ്പ് 2019 വെളിയനാട് സുഖാൻ ധ്യാനകേന്ദ്രത്തിൽ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. സാജൻ പരവഞ്ചേരി, ഫാ. എം. എ. കുര്യാക്കോസ് ചിറയിൽ കോർ എപ്പിസ്കോപ്പ, സാബു തോട്ടുങ്കൽ, ഫാ. ജെയിംസ് ജേക്കബ് തോടത്തിൽ തുടങ്ങിയവർ സമീപം.



PROJECT BY
WAKE

KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22 022

ചിങ്ങവനം
+91 94461 46000

info@knanayaweddings.com | knanayaweddings@gmail.com




## 31st Wedding Anniversary

22-05-2019





## Kuriakose Joyson & Daisy Joyson

Parathazha, Ernakulam

**Vice-President** (Sales & market)
**Eagle Burgmann India Pvt.Ltd**

Best Compliments from
Dr. Tony, Jenin & Angel
Jennix & Amala

# അനുമോദിച്ചു




കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി സൺഡേ സ്കൂൾ അധ്യാപകനായും പ്രധാന അധ്യാപകനായും 25 വർഷത്തിലേറെ സ്തുത്യർഹമായ സേവനം നിർവഹിച്ച **ശ്രീ ഏബ്രഹാം കുര്യനെ (അച്ചായി)** 31-03-2019 ഞായറാഴ്ച നടന്ന സൺഡേ സ്കൂൾ വാർഷികത്തിൽ വച്ച് ഇടവകയുടെ ഉപഹാരം നല്കി ആദരിച്ചപ്പോൾ.

വികാരി ഫാ. എ. ഒ. ജോൺ അമ്മനംകുന്നത്ത്, മുഖ്യാതിഥി റെജി ജേക്കബ് കാട്ടുവേലിൽ (S. P. പോലീസ് അക്കാഡമി തൃശൂർ), സണ്ണി കുഴിപ്പറമ്പിൽ (ട്രസ്റ്റി) ഇ. എ. അലക്സാണ്ടർ (സെക്രട്ടറി), ജോർജ് കുര്യൻ (SS Dist. ഇൻസ്പെക്ടർ), ബാബു ചാക്കോ നെടുങ്ങാത്ര, ലൗസി തോമസ് കുഴിപറമ്പിൽ (S.S.H.M) ഐ. രാജു പച്ചംകുളത്ത്, മോളി സണ്ണി കുഴിപ്പറമ്പിൽ, അയോണ ബാബു ഓച്ചാലിൽ എന്നിവർ സമീപം.

## 50th Wedding Anniversary

**02- 06-2019**



## Rajan C. Mathew & Marykkutty Mathew

**Chaluparampil House, Angadi P. O., Ranni**

**With love and prayers**

Sajil Mathew & Ancy Sujil (U.K), Sunil Mathew & Sonia Ancy, Jeslin Sunil,
Dani Elias Mathew Chaluparampil, Angadi P. O, Ranni

## പ്രളയദുരിതാശ്വാസ നിധി



അമേരിക്കയിലെ ഫിലാഡൽഫിയ പള്ളിയുടെ വകയായി സമുദായത്തിലെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച തുക സമുദായ ഭാരവാഹികളുടെ സാന്നിധ്യത്തിൽ 27-04-2019-ൽ ശ്രീ. കുഞ്ഞുമോൻ ഇരണയ്ക്കൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായെ ഏല്പിക്കുന്നു.




**Titus Mathew**

Mult Millionaire
Sum Assured Corepathi
Half Centurean

**Insurance Advisor**

LIC of India Ranni Branch A8:Code 02839791
Child Plans, Pension Plans, Endoment Plans
Health Plans - Single Premium Plans, Policy Servicing

**Please Contact. Mob: 9496598887, 9605135888**

Edakulam St.Thomas Kurizhupally ഇടവകയിലെ മുൻ സെക്രട്ടറിയും St.Thomas College govening Board Member ആയി പ്രവർത്തിച്ചിരുന്നു.

നാൾ ഇതുവരെ പിന്തുണ നൽകിയ മാന്യ ഉപഭോക്താക്കൾക്ക് നന്ദി അറിയിക്കുന്നു. തുടർന്നു നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു.

Wife Punalur ക്ഷേത്രഗിരി കൊക്കരവാലയിൽ Late Mr.ഉതുപ്പാന്റെയും മോളി ഉതുപ്പാന്റെയും മകൾ കൊച്ചുമോൾ

**Thundaplackal Paroor**
**Edakkulam P. O, Ranny**


## പ്രളയ ഭവനപുനരുദ്ധാരണ പദ്ധതി
## വീടിന്റെ കൂദാശയും താക്കോൽ ദാനവും



ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ പ്രളയ ഭവനപുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി മഴുക്കീറിൽ (പ്രാവിൻകൂട്) നിർമ്മിച്ചു നൽകിയ വീടിന്റെ കൂദാശയും താക്കോൽ ദാനവും ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ 26-04-2019-ൽ നിർവഹിച്ചു. മറ്റ് മൂന്ന് വീടുകളുടെ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1674-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം മെയ് 24, 25, 26 തീയതികളിൽ തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ.



സംഗമത്തിന്റെ ആദ്യ സംഭാവന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ശ്രീ. ടി. മാത്യു ഏബ്രഹാം (സതേൺ റോക്സ്) തേക്കുംമൂട്ടിൽ അവർകളിൽ നിന്ന് സ്വീകരിക്കുന്നു.

കഴിഞ്ഞ ലക്കം തുടർച്ച



ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**ഏകീഭവിക്കൽ അഥവാ ഒന്നാകൽ**

ഭാര്യയും ഭർത്താവും ഒന്നാകലിന്റെ (oneness) അനുഭവത്തിൽ വരുന്നത് മാതൃകാ കുടുംബത്തിന്റെ ലക്ഷണമാണ്. ഐക്യത്തിന്റെ ഭാവം അഥവാ ഏകീഭവിക്കൽ ഭാര്യയും ഭർത്താവും രണ്ടല്ല; ഒന്നത്രെയെന്ന ബോധ്യത്തിലേക്ക് അവരെ വളർത്തും. വിവാഹകൂദാശയിൽ വായിച്ചു കേൾക്കുന്ന വി. ഏവൻഗേലിയോനിൽ ഇങ്ങനെ പറയുന്നു.

"മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിതീരും. അവർ മേലിൽ രണ്ടല്ല; ഒരു ദേഹമത്രെ. ആകയാൽ ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്". (വി.മത്തായി 19:5-6)

പുരുഷമേധാവിത്വ സമൂഹമായിരുന്ന യഹൂദന്മാർ സ്ത്രീകളെ രണ്ടാംകിട പ്രജയായി കാണുന്ന കാലമായിരുന്നു അക്കാലം. സ്ത്രീകളും ദൈവത്തിന്റെ സൃഷ്ടിയാണെന്നും അവർക്കും കുടുംബത്തിലും സമൂഹത്തിലും പ്രാധാന്യമുണ്ടെന്ന് കാണിക്കുവാനുമാണ് യേശുതമ്പുരാൻ ഈ വചനത്തിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഭാരതത്തിലും സ്ത്രീകളെ അവഗണിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു "ന സ്ത്രീ സ്വാതന്ത്ര്യ മർഹതി"(മനുസ്മൃതി) എന്നൊരു പഠിപ്പിക്കൽ പോലും ഭാരത സംസ്ക്കാരത്തിൽ ഉണ്ടായിരുന്നു. ഇപ്രകാരമുള്ള സാഹചര്യത്തിൽ ഭാര്യയും ഭർത്താവും ഒന്നാകുന്നുവെന്ന ബോധ്യം മാതൃകാകുടുംബത്തിന് ഐശ്വര്യം പ്രദാനം ചെയ്യുന്നു. സർവ്വവും വിട്ട് ഒന്നാകുന്ന അനുഭവം. തങ്ങൾ ഒന്നാകുന്നുവെന്ന ബോധ്യം പരസ്പരമുള്ള പഴിചാരലിൽ നിന്നും കുറ്റപ്പെടുത്തലിൽ നിന്നും അവരെ മോചിപ്പിക്കും.

ജോസഫും ലിസിയും രണ്ടിടങ്ങളിൽ നിന്നാണെങ്കിലും ഒരേ സമയത്ത് വികാരി അച്ചന്റെ പാഴ്സണേജിലേക്ക് കയറിച്ചെന്നു. അവരെ കണ്ടപ്പോൾ അച്ചൻ വളരെ സന്തോഷത്തോടെ പറഞ്ഞു: "കൊള്ളാമല്ലോ രണ്ടുപേരും നേരത്തെ എത്തിയല്ലോ. മൂന്നുമണിയെന്നുപറഞ്ഞിട്ട് രണ്ടരമണിയായപ്പോഴേയും രണ്ടുപേരും വന്നു. ആവശ്യക്കാരന് ഔചിത്യമില്ലല്ലോ. അല്ലെ"

അച്ചന്റെ പാഴ്സണേജിലെ സ്വീകരണമുറിയിൽ രണ്ടുപേരും ചെറുപുഞ്ചിരിയോടെ നിന്നു.

"ഇരിക്ക് രണ്ടുപേരും. ലിസിയെ ജോസഫ് കൂട്ടിക്കൊണ്ടു വന്നോ"

"അല്ല, ഞാൻ ഒരു ഓട്ടോ പിടിച്ചു പോന്നു". ലിസി പറഞ്ഞു.

രണ്ടുപേരെയും ഔപചാരികമായി സ്വീകരിച്ചിരുത്തിയ ശേഷം അച്ചൻ ഇരുവരെയും ദൈവകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. ദൈവം ഒന്നാക്കിയവർ പിരിഞ്ഞുപോകാതെ വീണ്ടും കൂടിച്ചേരുവാൻ ദൈവകൃപയ്ക്കായി അപേക്ഷിച്ചു. അതെ തുടർന്ന് യാതൊരു മുഖവുരയും കൂടാതെ അച്ചൻ പറഞ്ഞു.

"ഞാനൊരു കഥ പറയാം. ഒരു ഇറ്റാലിയൻ നാടോടിക്കഥ" അച്ചൻ പറഞ്ഞു തുടങ്ങി.

വിവാഹശേഷം ഒരു യുവാവും യുവതിയും ഒരു മലയുടെ മുകളിൽ കുടിൽകെട്ടി താമസം ആരംഭിച്ചു. വളരെ സന്തോഷനിർഭരമായ ദാമ്പത്യജീവിതം. ഒരിക്കൽ ഒരു മഞ്ഞുകാലത്ത് ഒരു ദിവസം വിറകുപെറുക്കുവാൻ ഭർത്താവ് കാട്ടിലേക്കുപോയി. മഞ്ഞുവീഴ്ചയുള്ളതിനാൽ സന്ധ്യക്കുമുൻപ് വീട്ടിലെത്തുവാൻ കഴിഞ്ഞില്ല. രാത്രിയായതിനുശേഷം മാത്രമാണ് മലയുടെ മുകളിലുള്ള തന്റെ കുടിലിന്റെ മുൻപിലെത്തുവാൻ കഴിഞ്ഞത്. ചിമ്മിനിവിളക്കിന്റെ ചെറുവെട്ടം കുടിലിന്റെ വാതിൽ വഴി പുറത്തേക്കരിച്ചു വരുന്നുണ്ട്. കുടിലിന്റെ മുൻപിലെത്തിയ സന്തോഷത്തിൽ വാതിൽമുട്ടി; അകത്ത് നിന്ന് ഭാര്യ ചോദിച്ചു. "ആരാണ് പുറത്ത്"? പുറത്ത് നിൽക്കുന്ന ഭർത്താവ് പറഞ്ഞു."ഞാനാണ് പുറത്ത്".

എന്നാൽ അകത്തു നിന്ന് പ്രതികരണം ഒന്നും ഉണ്ടായില്ല. വ്യക്തമായി പറഞ്ഞാൽ കതക് തുറന്നില്ല. അല്പസമയത്തിനുശേഷം വീണ്ടും കതകിൽ മുട്ടി. അവൾ വീണ്ടും ചോദിച്ചു. "ആരാണ് പുറത്ത്? അവൻ പറഞ്ഞു:

"ഈ മഞ്ഞുവീഴുന്ന രാത്രിയിൽ നിന്റെ കുടിലിന്റെ വെളിയിൽ തണുത്ത് വിറച്ചു നിൽക്കുന്നത് നീ തന്നെയാണ്". ഒട്ടും താമസിയാതെ തന്നെ കുടിലിന്റെ വാതിൽ തുറന്നു.

ഈ കഥയിൽ പറഞ്ഞുവരുന്നത് വിവാഹിതരായാൽ

ഭാര്യയും ഭർത്താവും ഒന്നാണ്. അവർ രണ്ടല്ല. അതാണ് യഹോവയായ ദൈവവും പുത്രനായ യേശുക്രിസ്തുവും പറയുന്നത്.

"അവർ രണ്ടല്ല; ഒന്നത്രെ"

ഭാര്യാഭർത്താക്കന്മാരായിരിക്കുന്ന ഏവരും അവർ രണ്ടല്ല ഒന്നാകുന്നുവെന്ന ബോധ്യത്തിലേക്കു വളരുമ്പോൾ അവർ മാതൃകാദമ്പതികളാകുന്നു. ദൈവം അവരെ ചേർത്തത് ഒന്നാകുവാനാണ്.

പണ്ടൊരു സിനിമാഗാനമുണ്ടായിരുന്നു. "ഇരുമെയ്യാണെങ്കിലും മനമൊന്ന്, മരണം വരെയും നിങ്ങൾ പിരിയാതെ".

ശരീരം രണ്ടും മനസ്സ് ഒന്നും ആകുന്നുവെന്നത് ഒരു സാധാരണ ചിന്തയാണ്. എന്നാൽ ശരീരം രണ്ടല്ല; വി. വിവാഹകൂദാശയിലൂടെ ഒന്നാകുന്നുവെന്ന് കർത്താവ് പറയുന്നു.

വൈക്കം മുഹമ്മദ് ബഷീറിന്റെ "എന്റെ ബാല്യകാലസഖി" എന്ന കഥയിലെ നായികാ നായകന്മാരാണ് മജീദും സുഹ്റയും. മജീദിനോട് കണക്ക് മാഷ് ചോദിച്ചു "ഒന്നും ഒന്നും എത്ര? വളരെ നേരത്തെ ആലോചനയ്ക്കുശേഷം മജീദ് പറഞ്ഞു. "മാഷെ ഒന്നും ഒന്നും ഉമ്മിണി ബല്യ ഒന്ന്". ഗണിതശാസ്ത്രത്തിന്റെ തത്വമനുസരിച്ച് ഉത്തരം തെറ്റാണെങ്കിലും കുടുംബജീവിതത്തിന്റെ പ്രത്യയ ശാസ്ത്രമനുസരിച്ച് ഉത്തരം വളരെ ശരിയാണ്. ഭാര്യയും ഭർത്താവും ചേരുമ്പോൾ ഒരു വലിയ ഒന്നാകുന്നുവെന്ന സത്യം.

"ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രെ അധികാരമുള്ളത്; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം (1.കൊരി 7:3-4). പരസ്പരവിധേയത്വവും സമർപ്പണവും ഇവിടെ പ്രകടമാകുന്നു. ഭർത്താവിന്റെ ശരീരത്തിന്മേൽ ഭാര്യക്കും ഭാര്യയുടെ ശരീരത്തിന്മേൽ ഭർത്താവിനും ആകുന്നു അവകാശമെന്നതിന്റെ അർത്ഥം പരസ്പരം ബോധപൂർവ്വമുള്ള അടിമത്വം എന്നാണ്. ഒരുതരം സുഖമുള്ള അടിമത്വം. പരസ്പരം ഒന്നാകുന്നവർക്കുമാത്രം സാദ്ധ്യമാകുന്നതാണീ പ്രതിഭാസം. ജീവിതപങ്കാളിയുടെ മുൻപിൽ സമർപ്പിക്കുക എന്നതാണ് ഒന്നാകലിന്റെ അർത്ഥം. ഏതു പ്രതിസന്ധികളുടെ നടുവിലും ഒന്നാകുന്നതിനുള്ള തൃഷ്ണ ഉണ്ടായിരിക്കണം. ഒന്നാകലിന്റെ ആനന്ദം തിരിച്ചറിയണം. രണ്ടുപേരും രണ്ടല്ല ഒരു ശരീരമാകുന്നുവെന്ന് പറയുന്നതിലെ ആനന്ദം മരണം വരെ നിലനിൽക്കുന്നതാണ്.

വിവാഹം കഴിഞ്ഞാലുടൻ തന്നെ ലഭ്യമാകുന്ന അനുഭവമല്ല ഈ ഏകീഭവിക്കൽ. സാവധാനമാണ് ഇത് കരഗതമാകുന്നത്. ക്ഷമാപൂർവ്വമായ കാത്തിരിപ്പ് ഈ ഏകീഭവിക്കലിനുണ്ടാകണം. വിവാഹത്തിന്റെ ഓരോ ദിനവും പിന്നിടുമ്പോൾ ഈ ഏകീഭവിക്കൽ സാധ്യമായിക്കൊണ്ടിരിക്കും. വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുമ്പോൾ ഈ ഒന്നാകൽ കൂടുതൽ അർത്ഥവത്താകുന്നു. പിരിയാൻ വയ്യാത്ത ഒരുമയിലേക്ക് വളരാൻ കഴിയുന്നു. അല്പസമയം അമ്മച്ചിയെ കാണാതിരുന്നാൽ അപ്പച്ചൻ അന്വേഷിക്കും

"എടാ മക്കളെ അമ്മച്ചി എന്തിയേ കാണുന്നില്ലല്ലോ".

അമ്മച്ചി ഒരു കള്ളപ്പരിഭവത്തോടെ പറയും: "എന്താ മനുഷ്യാ നിങ്ങൾക്ക്; ഞാൻ അപ്പുറത്തുണ്ടല്ലോ.എന്തിനാ എന്നെ അന്വേഷിച്ചത്? നിങ്ങൾക്കെന്നാ മനുഷ്യാ? എപ്പോഴും എന്നെ വിളിച്ചുകൊണ്ടിരിക്കുന്നത് എന്തിനാണ്"?

ഇതുവെറുതെ ഒരു പരിഭവം. സത്യത്തിൽ അമ്മച്ചിക്കാ അന്വേഷണവും വിളിയും ഇഷ്ടമാണ്. വൈകുന്നേരം അപ്പച്ചൻ വെളിയിലോട്ട് പോയാൽ മടങ്ങി വരാൻ അല്പമൊന്നു താമസിച്ചാൽ ഉടനെ കൊച്ചുമക്കളെ വഴിയിലോട്ട് വിടും. "അമ്മച്ചി അപ്പച്ചനെ അന്വേഷിക്കുന്നു" പിള്ളാരു അപ്പച്ചനോടു പറയും. അപ്പച്ചൻ വേഗം തന്നെ മടങ്ങി വരും. അമ്മച്ചിയോട് വെറുതെ ഒരു ചോദ്യം. "എന്താടി എന്നെ അന്വേഷിക്കുന്നത്. ഞാൻ പോയിട്ട് ഇങ്ങ് വരില്ലേ. ഞാൻ എന്താ കൊച്ചുകുട്ടിയാണോ"?

ഇതൊക്കെ വെറുതെ പറയുകയാ. അപ്പച്ചനും ഇപ്രകാരമുള്ള ഈ അന്വേഷണം ഇഷ്ടമാണ്.

ജോസഫും ലിസിയും കൗതുകത്തോടെ അച്ചന്റെ സംസാരം കേട്ടിരുന്നു. അച്ചൻ തുടർന്നു. പ്രായം കൂടും തോറും ഏകീഭവിക്കലിന്റെ സാന്ദ്രത വർദ്ധിക്കുകയാണ്. പരസ്പരം കാണാതിരിക്കുവാൻ കഴിയാത്ത അവസ്ഥ രണ്ടുപേരും ഒന്നാകുന്നുവെന്ന് അവർ പ്രായമാകുന്തോറും കൂടുതൽ കൂടുതൽ മനസ്സിലാക്കുകയാണ്.

"നിങ്ങൾക്ക് ഈ ഏകീഭവിക്കലിന്റെ അർത്ഥം ശരിക്കും മനസ്സിലാകുന്നുണ്ടെങ്കിൽ പിരിഞ്ഞിക്കുവാൻ കഴിയില്ല. പരസ്പരം കുറ്റപ്പെടുത്താൻ കഴിയില്ല. ഐക്യം എപ്പോഴും കാത്തുസൂക്ഷിക്കും. ജീവിതപങ്കാളിയെ കുറ്റപ്പെടുത്തുന്നത് സ്വയം കുറ്റപ്പെടുത്തുന്നതിന് തുല്യമാണ്. കുറ്റപ്പെടുത്തുമ്പോൾ ഏകീഭവിക്കലിന്റെ സാദ്ധ്യത നഷ്ടപ്പെടുകയും അകലം വർദ്ധിക്കുകയും ചെയ്യും. ഇതാണ് ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചിരിക്കുന്നത്".

അച്ചന്റെ വാക്കുകൾ കേട്ട രണ്ടുപേരും കുറ്റബോധത്തോടെ തലകുനിച്ചു. ലിസിയുടെ കണ്ണു നിറഞ്ഞു. ജോസഫിനും വിഷമമായി.

"നിങ്ങൾ ഒന്നാകലിന്റെ അനുഭവത്തിൽ വരുമ്പോൾ നിങ്ങളുടെ മക്കളും ആ ഒരുമയിൽ വളരും. കുടുംബത്തിന്റെ ഐക്യം സമൂഹത്തിന്റെ വിജയമാണ്. നിങ്ങളുടെ ഇടയിലെ അകൽച്ച സമൂഹത്തിനും ദോഷകരമായി ഭവിക്കും. മക്കൾക്ക് മാതൃകയാകേണ്ട നിങ്ങൾ ഈ മക്കളുടെ മുൻപിൽ പാരാജയമായി മാറും. തകർന്ന കുടുംബത്തിന്റെ അവശിഷ്ടങ്ങളായി തീരും".

അച്ചന്റെ വാക്കുകൾ കൂരമ്പുപോലെ അവരുടെ ഹൃദയത്തെ കുത്തിത്തുളച്ചു. അവരുടെ കുനിഞ്ഞ ശിരസ്സുകൾ കുറ്റബോധത്തിന്റെ പ്രതീകമാണ്. ഒന്നാകലിന്റെ മഹത്വം അവർക്കു ബോധ്യമായി. അച്ചൻ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു.

"സാരമില്ല; സംഭവിച്ചതൊക്കെ നല്ല ബോധ്യങ്ങൾ കിട്ടുന്നതിന് കാരണമായെന്ന് കരുതുക. മക്കളെ ഓർത്തെങ്കിലും അനാവശ്യ വാദപ്രതിവാദങ്ങൾ ഒഴിവാക്കുക. ഒരുമിച്ച് പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും ഒരുമിച്ച് സംസാരിക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലി കെട്ടിപ്പടുക്കണം".

Dine together, Talk, together, Pray together. ഈ മൂന്നു കാര്യങ്ങൾ കുടുംബാന്തരീക്ഷത്തെ ഐക്യത്തിന്റെ സുഗന്ധമുള്ളതാക്കിത്തീർക്കും.

കെട്ടുന്നതിനെക്കാൾ സ്പീഡിലാണ് കെട്ടുപൊട്ടുന്നത്. ഏകീഭവിക്കലിന്റെ അനുഭവമില്ലാത്തതിനാൽ ബന്ധം മുറിയുന്നത് പെട്ടെന്നായിരിക്കും. ഇന്ന് പല കുടുംബങ്ങളിലും കാണുന്ന ഈ അകൽച്ച കുടുംബ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നു. ഇഴയടുപ്പം കുറയുമ്പോൾ ബന്ധത്തിന്റെ ഊഷ്മളത നഷ്ടമാകുന്നു. എത്ര പെട്ടന്നാണ് ജോസഫും ലിസിയും തമ്മിൽ അകന്നതും കേസുണ്ടായതും. ഒന്നാകലിന്റെ ആവശ്യകത നമുക്കു ബോദ്ധ്യപ്പെടണം. ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യന് വേർപിരിക്കുവാൻ അനുവാദമില്ലാത്തതാകുന്നു.

"ജോസഫെ, സമയം വൈകുന്നു. ലിസിയെ വീട്ടിലാക്കിയിട്ട് പോകണം" അച്ചൻ പറഞ്ഞു.

"ശരി അച്ചോ".

നാളെ വൈകുന്നേരം വീണ്ടും കാണാം എന്ന ധാരണ

യിൽ അവർ യാത്ര പറഞ്ഞു. ഇണക്കുരുവികളെപ്പോലെ രണ്ടുപേരും മുട്ടിയുരുമ്മി കാറിനടുത്തേക്ക് പോകുന്നത് അച്ചൻ നിർന്നിമേഷനായി നോക്കിനിന്നു.

ജോസഫും ലിസിയും കാറിൽ കയറി പോകുന്നത് കണ്ട് ആശ്വാസത്തിന്റെ നെടുവീർപ്പോടെ സന്ധ്യാ പ്രാർത്ഥന യ്ക്കായി മുറിയിൽ കയറി അച്ചൻ കതകടച്ചു.

**പങ്കുവയ്ക്കൽ**

പിറ്റെ ദിവസം ഉച്ചകഴിഞ്ഞ് ജോസഫ് ലിസിയെ കൂട്ടിക്കൊണ്ടുപോകാൻ ലിസിയുടെ വീട്ടിൽ ചെന്നു. ജോസഫിനെ വളരെ സന്തോഷത്തോടെ റ്റോമിയും അമ്മയും ഇറങ്ങിച്ചെന്നു സ്വീകരിച്ചു. എല്ലാവരുടെയും മനസ്സിൽ ആനന്ദം.

"അളിയാ കയറി വാ" റ്റോമി പറഞ്ഞു. ജോസഫ് കയറി ചെന്നപ്പോൾ അമ്മ ജോസഫിന്റെ കൈയ്യിൽ വാത്സല്യത്തോടെ പിടിച്ചുകൊണ്ട് "മോനെ" എന്ന് ഇടറിയ ശബ്ദത്തിൽ വിളിച്ചു. ജോസഫിന്റെയും കണ്ണുനിറഞ്ഞുപോയി. ലിസിക്കും തേങ്ങലടക്കാൻ കഴിഞ്ഞില്ല. ശരിയാണ് അത്രയ്ക്ക് പ്രിയപ്പെട്ടവനായിരുന്നു ജോസഫ് ആ വീട്ടിൽ. ജോസഫ് മരുമകനായിട്ടല്ല മകനായിരുന്നു ആ വീട്ടിൽ. റ്റോമിയുടെ അളിയനായിട്ടല്ല; സ്വന്തം അനുജനായിട്ട്. അതൊക്കെയാണ് ഈഗോയുടെ പേരിൽ ഒരു സ്ഫടികപാത്രം പോലെ വീണുടഞ്ഞത്. പൊട്ടിപ്പോയതിനെ കൂട്ടിവിളക്കാൻ ദൈവം അവസരം നൽകിയതാണിപ്പോൾ. വികാരം തുളുമ്പി നിൽക്കുന്ന നിമിഷങ്ങൾ വാക്കുകളെക്കാൾ ശക്തമായ മൗനവും നെടുവീർപ്പുകളും. പെട്ടെന്ന് റ്റോമി പറഞ്ഞു.

"അമ്മ എന്താണീ കാണിക്കുന്നത്. ജോസഫിന് കുടിക്കുവാനെന്തെങ്കിലും എടുക്ക്. അവർക്ക് താമസിയാതെ അച്ചന്റെ അടുക്കൽ എത്തുവാനുള്ളതാണ്".

അമ്മ കണ്ണുകൾ തുടച്ച് അടുക്കളയിലോട്ട് പോയി. റ്റോമി വീണ്ടും പറഞ്ഞു.

"ലിസ്സി വേഗം റെഡിയാകൂ. അച്ചനെ മെനക്കെടുത്തരുത്".

അമ്മ സ്നേഹപൂർവ്വം നൽകിയ പാനീയം കുടിച്ചു തീർത്തു. ജോസഫും ലിസിയും കാറിൽ കയറി അച്ചന്റെ പാഴ്സണേജിലേക്ക് പോയി. പാഴ്സണേജിന്റെ മുൻവാതിൽ തുറന്നിട്ട് നല്ലയിടയൻ തന്റെ ആടുകളെ കാത്തിരിക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. താമസിച്ചതിലുള്ള ക്ഷമാപണത്തോടെ അകത്ത് കയറി രണ്ടുപേരും സോഫയിലിരുന്നു.

"പങ്കുവയ്ക്കലിന്റെ മഹത്വം കുടുംബജീവിതത്തിലെന്ന വിഷയം" അച്ചൻ പറഞ്ഞുതുടങ്ങി.

രണ്ടുപേരും ഒന്നാണെങ്കിൽ എല്ലാം പങ്കുവച്ചുകൂടെ. കുടുംബജീവിതം കൂടുതൽ കരുത്തുറ്റതാകുന്നത് പങ്കുവയ്ക്കലിലൂടെയാണ്. എന്താണോ ഉള്ളത് അത് പങ്കുവയ്ക്കുക. ജീവിതം ഒരു തുറന്ന പുസ്തകമായിരിക്കണം. ജീവിത പങ്കാളിയെ മറച്ച് ഒന്നും ഉണ്ടാകരുത്. പങ്കുവയ്ക്കലില്ലാത്ത കുടുംബം ഉണങ്ങിവരണ്ട നിലംപോലെയായിരിക്കും. ദൈവം കൂട്ടിനായിതന്ന പങ്കാളിയോട് മറച്ചുവയ്ക്കാതെ എല്ലാം പങ്കുവയ്ക്കുന്നതിന് വൈമുഖ്യം കാട്ടരുത്. "അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണയെ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു" (ഉല്പ. 2:18). മരണം വരെ സുഖത്തിലും ദുഃഖത്തിലും എല്ലാം പങ്കിട്ട് ജീവിക്കുവാൻ ദൈവം തെരഞ്ഞെടുത്ത ഇണയോടുകൂടി ജീവിക്കുവാൻ ദൈവം മനുഷ്യനെ വിളിച്ചു. ഈ ദൈവവിളി പൂർണ്ണമാക്കുന്നതും കുടുംബജീവിതം സന്തോഷകരമാകുന്നതും പങ്കിടലുകളുടെ അനുഭവത്തിലാണ്..

"ജോസഫെ, നിനക്കു സുഹൃത്തുക്കളുണ്ടോ? അച്ചൻ ചോദിച്ചു.

"ഉണ്ടല്ലോ; ഒത്തിരിപ്പേരുണ്ട്"?

"നിനക്ക് എല്ലാം മടികൂടാതെയും പങ്കുവയ്ക്കുവാൻ കഴിയുന്ന സുഹൃത്ത് ആരാണ്"? അച്ചൻ വീണ്ടും ചോദിച്ചു.

"അങ്ങനെ എല്ലാം കൂട്ടുകാരോട് പറയുവാൻ കഴിയുമോ? അങ്ങനെയൊരു സുഹൃത്തിനെ കിട്ടുമോ?" ജോസഫിന് സംശയം . അച്ചൻ മറുപടി കൊടുത്തു.

"കിട്ടും അങ്ങനെയൊരു സുഹൃത്തുണ്ട്. അതാണ് ജീവിതപങ്കാളി. ലിസ്സിക്കു ജോസഫും ജോസഫിന് ലിസ്സിയുമാണ് ഏറ്റവും നല്ല സുഹൃത്തുക്കൾ. പൂർണ്ണമായും അറിയാവുന്നതും മുഴുവനായും സമർപ്പിച്ചിട്ടുള്ളതും എല്ലാം മടികൂടാതെ പറയുവാൻ കഴിയുന്നതുമായ ഏക വ്യക്തി ജീവിതപങ്കാളിയായ ഭാര്യ/ഭർത്താവ് മാത്രമാണ്. ആ സുഹൃത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണം. ഏറ്റവും നല്ല സുഹൃത്തായി ജീവിതപങ്കാളിയെ കാണുവാൻ കഴിഞ്ഞാൽ എല്ലാം പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടാകും".

എന്നാൽ ഈ പങ്കുവയ്ക്കലിന് മറ്റൊരു വശമുണ്ട്. ജീവിതപങ്കാളിയോട് പങ്കുവയ്ക്കൽ നടത്തുന്നതുപോലെ പ്രധാനമാണ് മറ്റു കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും പങ്കുവയ്ക്കുന്നത്. "മനുഷ്യൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും" (മത്തായി 19:5) എന്ന വാക്യം ചിലർ തെറ്റിദ്ധരിച്ചിരിക്കയാണ്. അപ്പനെയും അമ്മയെയും ഉപേക്ഷിക്കണമെന്നല്ല ഇവിടുത്തെ അർത്ഥം. ഭാര്യയ്ക്ക് നൽകേണ്ട പ്രാധാന്യമാണ് ഇതിനെ സൂചിപ്പിക്കുന്നത്. തത്സമയം മാതാപിതാക്കൾക്ക് ആവശ്യമായ പരിഗണന നൽകുകയും അവരെ കരുതുകയും ചെയ്യുവാൻ മക്കൾ കടപ്പെട്ടിരിക്കുന്നു

വിവാഹശേഷം ബന്ധുമിത്രാദികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നത് ഒരു പഴയ പാരമ്പര്യമാണ്. 40 ദിവസം മണവാളത്വകാലമാണ്. ഇക്കാലയളവിൽ ബന്ധുവീടുകൾ സന്ദർശിക്കുകയും പ്രത്യേകിച്ച് പ്രായമുള്ളവരെ കണ്ട് അവരുടെ അനുഗ്രഹം പ്രാപിക്കുന്നതും ഒരു പഴയ ശീലമായിരുന്നു.

ആധുനിക ലോകം വാർദ്ധക്യത്തിലായ മാതാപിതാക്കളെ അവഗണിക്കുന്ന മക്കളുടെ നേർസാക്ഷ്യമായിരിക്കയാണ്. മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുന്ന മക്കളുടെ കാലം. പ്രായമായവർ ഒരു ബാധ്യത എന്ന കാഴ്ചപ്പാടുള്ള പുതുതലമുറയുടെ കാലം. ഒരു ആയുസ്സ് മുഴുവൻ മക്കൾക്കുവേണ്ടി എരിഞ്ഞുതീർന്ന മെഴുകുതിരി കണക്കെ ജീവിത സായാഹ്നത്തിലെത്തിയ മാതാപിതാക്കൾ അധികപ്പറ്റെന്നോ അപശകുനമെന്നോ വിളിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. മാതാപിതാക്കളെ പരിചരിക്കുന്നതും ഒരു നല്ല അന്ത്യം അവർക്കായി നൽകുവാൻ ആഗ്രഹിക്കുന്നതും അനുഗ്രഹിക്കപ്പെട്ട മക്കളുടെ ലക്ഷണമാണ്. മാതാപിതാക്കളുടെ അനുഗ്രഹം തലമുറയ്ക്ക് മുതൽക്കൂട്ടാണെന്ന് മനസ്സിലാക്കുന്ന എത്ര മക്കൾ നമ്മുടെ ചുറ്റും ഉണ്ട്?

അതിനാൽ നമ്മുടെ പങ്കുവയ്ക്കൽ മാതാപിതാക്കളോടും കൂടിയാകുന്നത് അവർക്ക് എത്രയധികം സന്തോഷം ഉളവാക്കുന്നതാകുന്നുവെന്ന് തിരിച്ചറിയണം. മക്കളുടെ സ്വരം കേൾക്കുന്നത്, ക്ഷേമം അന്വേഷിക്കുന്നത്, തലോടുന്നത്, കൊച്ചുമക്കൾ മുത്തം കൊടുക്കുന്നത്, കണ്ണുകാണാൻ പാടില്ലാത്ത മാതാപിതാക്കൾക്ക് ദിനപ്പത്രം വായിച്ചുകൊടുക്കുന്നത്, അവരുടെകൂടെ അല്പം സമയം ചിലവഴിക്കുന്നത് എല്ലാം എത്രയോ വലിയ പുണ്യം ലഭിക്കുവാൻ സഹായിക്കുന്നുവെന്ന് തിരിച്ചറിയണം. കുടുംബ ജീവിതവിജയത്തിന് മാതാപിതാക്കളുടെ അനുഗ്രഹം ഒരു വലിയ ഘടകമാണ്.

# ഉണങ്ങുന്ന കൊമ്പും പൊഴിയുന്ന ഇലയും

**Dr. Joy Ambazhachalil DHMS, DNT**

ആദിമസഭയുടെ പാരമ്പര്യവും അതിന്റെ വളർച്ചയിലും ഉയർച്ചയിലും എത്രയോ പേരുടെ ജീവൻ ബലികൊടുത്തും പീഢകളും, പട്ടിണിയും, ബുദ്ധിമുട്ടും നാനാവിധ പ്രയാസങ്ങളും സഹിച്ചും ക്ഷമിച്ചും പടുത്തുയർത്തിയ ഒരു വടവൃക്ഷമല്ലെ ഇന്നത്തെ സഭ. എത്ര മനോഹരമായി പടർന്നു പന്തലിച്ച് അനേകായിരങ്ങൾക്ക് തണലും, ഫലവും പുറപ്പെടുവിക്കേണ്ട സഭയുടെ ഇന്നത്തെ അവസ്ഥ എന്ത്? ഈ വേരിനും തടിക്കും മാറ്റം വരുത്താതെ തന്നെ പുതിയ ഇലയും പുതിയ പുഷ്പവും ഫലങ്ങളും പുറപ്പെടുവിക്കാൻ കഴിയണം. അവിടെയാണ് ദൈവം പ്രസാദിക്കുന്നത്. പകയും വിദ്വേഷവും ചേരിതിരിവും എല്ലാം നീക്കി ഹൃദയ വിശുദ്ധി വരുത്തുക. (മത്തായി 5:8) ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. നാരായവേരും തായ്ത്തടിയും നന്നായിരുന്നാലും അതിൽ ഇത്തിക്കണ്ണിയും കായ്ക്കാത്ത കൊമ്പും ഉണ്ടാകും. അതുപോലെ ആവശ്യമില്ലാത്ത കൂടുകളും ചില്ലകളിൽ കൂടുകൂട്ടാം.

എവിടെയാണ് തെറ്റു പറ്റിയത്. അടിസ്ഥാനപരമായി ചിന്തിച്ചാൽ അപ്പോ.പ്ര. 20:28-29 'നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനേയും സൂക്ഷിച്ചുകൊൾവീൻ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു." ഇതല്ലേ സത്യത്തിൽ സംഭവിച്ചിരിക്കുന്നത്. ആട്ടിൻതോൽ ഇട്ട ചെന്നായ്ക്കൾ എവിടെയെല്ലാം ഉണ്ടെന്ന് പാവം ആട് അറിയുന്നില്ല. ചെന്നായ് പിടിക്കുമ്പോൾ ആണ് അറിയുന്നത്. ഇവിടെയാണ് പാമ്പിനെപ്പോലെ ബുദ്ധിയും, പ്രാവിനെപ്പോലെ നിഷ്കളങ്കരുമാകേണ്ടത്. അപ്പോൾ ഇയ്യോബിന് കിട്ടിയ സംരക്ഷണം നമുക്കും യേശു തരും.

ഫലത്തിൻ നിന്ന് ചെടിയെ തിരിച്ചറിയാം. അതുപോലെ യേശു ഇടയന്മാരേയും തിരിച്ചറിവിനായി തരം തിരിച്ചിരിക്കുന്നു. ഒന്ന് നല്ല ഇടയൻ, യോഹന്നാൻ 10:11 'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു." രണ്ടു കൂലിക്കാരായ ഇടയൻ. യോഹന്നാൻ 10:12 'ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതു കണ്ട് ആടുകളെവിട്ട് ഓടിക്കളയുന്നു. ചെന്നായ് അവയെ പിടിക്കയും ചിന്നിച്ചു കളയുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമല്ലേ. മൂന്ന് കുരുടന്മാരായ ഇടയന്മാർ യെശയ്യ (56:10-12) 'അവന്റെ കാവൽക്കാർ കുരുടന്മാർ, അവരെല്ലാവരും പരിജ്ഞാനമില്ലാത്തവർ, അവരെല്ലാം തന്നെ കുരപ്പാൻ വഹിയാത്ത ഊമ നായ്ക്കൾ തന്നെ, അവർ നിദ്രപ്രിയന്മാരായി സ്വപ്നം കണ്ടു കിടന്നുറങ്ങുന്നു. ഈ നായ്ക്കൾ ഒരിക്കലും തൃപ്തിപ്പെടാത്ത കൊതിയന്മാർ തന്നെ, ഈ ഇടയന്മാരോ സൂക്ഷിപ്പാൻ അറിയാത്തവർ, അവരെല്ലാം ഒട്ടൊഴിയാതെ താന്താന്റെ വഴിക്കും ഓരോരുത്തൻ തന്താന്റെ ലാഭത്തിനും തിരിഞ്ഞിരിക്കുന്നു. വരുവിൻ, ഞാൻ പോയി വീഞ്ഞു കൊണ്ടുവരാം, നമുക്കു മദ്യം കുടിക്കാം, ഇന്നത്തെപ്പോലെ നാളെയും കേമത്തിൽ തന്നെ അവൻ പറയുന്നു. വീണ്ടും മീഖാ. 3:11 അതിലെ തലവന്മാർ സമ്മാനം വാങ്ങി ന്യായം വിധിക്കുന്നു. അതിലെ പുരോഹിതന്മാർ കൂലി വാങ്ങി ഉപദേശിക്കുന്നു. അതിലെ പ്രവാചകന്മാർ പണം വാങ്ങി ലക്ഷണം പറയുന്നു. എന്നിട്ടും അവർ യഹോവയെ ചാരി, യഹോവ നമ്മുടെ ഇടയിൽ ഇല്ലയോ? അനർത്ഥം നമുക്ക് വരികയില്ലാ എന്നു പറയുന്നു. വീണ്ടും മത്തായി 23:24 ൽ പറയുന്നു. കുരുടന്മാരായ വഴികാട്ടികളെ. സെഫന്യാവ് 3:3-4 'അതിനകത്ത് അതിന്റെ പ്രഭുക്കന്മാർ ഗർജ്ജിക്കുന്ന സിംഹങ്ങൾ, അതിന്റെ ന്യായാധിപന്മാർ വൈകുന്നേരത്തെ ചെന്നായ്ക്കൾ, അതിന്റെ പുരോഹിതന്മാർ വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കി, ന്യായപ്രമാണത്തെ ബലാൽക്കാരം ചെയ്തിരിക്കുന്നു.' ഈ വഴികാട്ടികളെ നമുക്ക് തിരിച്ചറിയാൻ കഴിയണം. ഈ തിരിച്ചറിവ് കിട്ടണമെങ്കിൽ നമുക്ക് ദൈവത്തിന്റെ കൃപ വേണം. ആ കൃപയ്ക്കായി ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനത്തിനായി പ്രാർത്ഥിക്കാം.

ഈ മൂന്നു കൂട്ടരേയും ശരിയായി പഠിച്ചാൽ ഒന്നാമത്തെ കൂട്ടരെ കണ്ടു കിട്ടാൻ പ്രയാസം. യെശയ്യാവ് 40:11 'ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാറിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും." ഇന്ന് എത്ര പേരുണ്ട് ആത്മാർത്ഥതയുള്ള ഇടയന്മാർ അഥവാ ഉണ്ടായാൽ തന്നെ കൂലിക്കാരനും കുരുടന്മാരും അവർക്ക് സ്വസ്ഥത കൊടുക്കുമോ? ഇവിടെയല്ലേ ജനം കൊഴിഞ്ഞു പോകുന്നത്. എന്തുകൊണ്ട് പോകുന്നു എന്ന് ചോദിച്ചാൽ മതിയായ ഭക്ഷണവും, പരിചരണവും ഇല്ലെങ്കിൽ ആട് നശിച്ചുപോകും. ഈ തൊഴുത്തിൽ രക്ഷയില്ലെങ്കിൽ മറ്റ് തൊഴുത്തുകൾ അന്വേഷിക്കും. യോഹ. 10:16 'ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവയെയും ഞാൻ നടത്തേണ്ടതാകുന്നു."

യെഹസ്ക്കേൽ 34ൽ കാണുന്നു. തങ്ങളെതന്നെ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്ക് അയ്യോ കഷ്ടം! ആടുകളെ അല്ലയോ ഇടയന്മാർ മേയിക്കേണ്ടത്? നിങ്ങൾ മേദസ്സു തിന്നുകയും ആട്ടുരോമം ഉടുക്കുകയും തടിച്ചിരിക്കുന്നവയെ അറക്കുകയും ചെയ്യുന്നു. ആടുകളെ നിങ്ങൾ മേയിക്കുന്നില്ല താനും. വീണ്ടും യിരമ്യാവ് 23:1 എന്റെ മേച്ചിൽപ്പുറത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കയും ചെയ്യുന്ന ഇടയന്മാർക്ക് അയ്യോ കഷ്ടം. മലാഖി 3:14 യഹോവയ്ക്ക് ശുശ്രൂഷ ചെയ്യുന്നത് വ്യർത്ഥം ഞങ്ങൾ അവന്റെ കാര്യം നോക്കുന്നതിനാലും സൈന്യങ്ങളുടെ യഹോവയുടെ മുമ്പാകെ കറുപ്പുടുത്തു നടന്നതിനാലും എന്തു പ്രയോജനമുള്ളു? ഇതെല്ലാം വായിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ നാം എന്താണ് ചെയ്യേണ്ടത്. ഇവിടെയാണ് യേശു നല്ല ഇടയനെന്ന് കണ്ടറിഞ്ഞ് യേശുവിനെ കൈകൊണ്ട് അവന്റെ കൈക്കീഴിൽ താഴ്മയോടെ നടക്കുക. അവൻ തക്കസമയത്ത് നമ്മെ പിടിച്ചുയർത്തും. കൂലിക്കാരായ ഇടയന്മാരല്ലേ ഇന്ന് കൂടുതലുള്ളത്. മത്താ.10:8. 'സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ'. ഈ ലോകത്തു ജീവിക്കണമെങ്കിൽ

പണം വേണം. പക്ഷേ അത് ഒരു വ്യവസായമായി മാറ്റാൻ ദൈവം പറഞ്ഞിട്ടില്ലല്ലോ. മത്തായി 6:23 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും'.

അടിസ്ഥാനപരവും പാരമ്പര്യവുമുള്ള സഭയിൽനിന്ന് ഇന്ന് ഇലകൊഴിഞ്ഞും കമ്പ് ഉണങ്ങിയും പോകുന്നു. ഈ ഉണക്കിനേയും കൊഴിച്ചിലിനേയും എങ്ങനെ തടയാം. ഇവിടെയാണ് നല്ല ഇടയൻ അല്ലെങ്കിൽ നല്ല തോട്ടക്കാരന്റെ ആവശ്യം. യോഹന്നാൻ 15:1 'ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു.' എന്നാൽ യിരമ്യാവ് 2:21 'ഞാൻ നിന്നെ വിശിഷ്ടമുന്തിരിവള്ളിയായി, നല്ല തയ്യായി തന്നെ നട്ടിരിക്കെ നീ എനിക്കു കാട്ടു മുന്തിരിവള്ളിയുടെ തയ്യായി തീർന്നത് എങ്ങനെ?' യെശയ്യാവ് 5:2 ൽ കാണുന്നതുപോലെ കായിച്ചതോ കാട്ടുമുന്തിരിയത്രെ. കായ്ക്കാത്ത കൊമ്പുകൾ തോട്ടക്കാരൻ നീക്കുന്നതുപോലെ സഭയിൽ ഫലം കായ്ക്കാത്തവ നീക്കിക്കളയുക തന്നെ വേണം. യാതൊരു ദാക്ഷിണ്യവും പാടില്ല. പക്ഷെ ആരു നീക്കം ചെയ്യും.? അതുപോലെ തന്നെ കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കുന്നതിനുവേണ്ടി ചെത്തി വെടിപ്പാക്കണം. അതും ആരു ചെത്തും?.

ഈ നീക്കലും ചെത്തലും നടക്കുമ്പോൾ തന്നെ സഭയിലേക്ക് ഒട്ടിച്ചു ചേർക്കുകയും ചെയ്യാം. റോമാ.11:17 കൊമ്പുകളിൽ ചിലത് ഒടിച്ചിട്ട് കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ച് ചേർത്ത് ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിനു പങ്കാളികളായിത്തീർന്നു. ഇവിടെ യഥാർത്ഥമായ സഭയോ പാരമ്പര്യമോ മാറാതെ തന്നെ ഈ വടവൃക്ഷത്തിനു ശക്തമായി വളർന്നു പന്തലിച്ചു നിൽക്കാമല്ലോ. പക്ഷെ ഇവിടെ യഥാർത്ഥ പ്രശ്നം ലൂക്കോസ് 9:45 "അവരിൽ വെച്ച് ആർ വലിയവൻ എന്ന് ഒരു വാദം അവരുടെ ഇടയിൽ നടന്നു.' ഈ സംവാദം ഇന്നു തുടരുകയല്ലേ.

ഇന്നും ഇതിനല്ലെ പ്രാധാന്യം. കൃപമേൽ കൃപ ലഭിക്കേണ്ടിടത്ത്, കേസിൻമേൽ കേസല്ലേ കിട്ടിക്കൊണ്ടിരിക്കുന്നത്. കസേരയ്ക്കും അധികാരത്തിനും വടംവലി നടക്കുമ്പോൾ സാധാരണ ജനം വലയുന്നു. അവർ നാഥനില്ലാത്തവരെപ്പോലെ അലയുന്നു. ഈ അലച്ചിൽ കാണുമ്പോൾ മറ്റുള്ളവർ കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നവരെപ്പോലെ ഇവരെ കൈക്കലാക്കുന്നു. അവിടെ വളർത്തുന്നവരുണ്ടാകാം. വിൽക്കുന്നവരും ഉണ്ടാകാം. എങ്ങനെ ആയാലും നഷ്ടം യഥാർത്ഥത്തിൽ അടിസ്ഥാനപരമായ വിശ്വാസക്കുറവും നേതൃത്വത്തിന്റെ പരിജ്ഞാനക്കുറവും ആണ് ഇതിനെല്ലാം വഴി തെളിക്കുന്നത്. യെശയ്യാവ് 56:7 'എന്റെ ആലയം സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. യെശയ്യ. 28:16 'ഇതാ ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ട് ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ല് ഇട്ടിരിക്കുന്നു. വിശ്വസിക്കുന്നവൻ ഓടിപ്പോവുകയില്ല." ഈ വിശ്വാസം ഉറപ്പിച്ചെടുക്കുവാൻ കഴിയുന്നുണ്ടോ?

ഈ വിശ്വാസം പുതിയ തലമുറയെ പഠിപ്പിച്ച് യഥാർത്ഥ ഇടയന്റെ ജോലി ചെയ്യുന്നവരായിരിക്കണം സഭയെ ഭരിക്കുന്നവർ. ഇവിടെയാണ് സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ മഹത്വം. സങ്കീ. 119.9 "ബാലൻ തന്റെ നടപ്പിന് നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ." 1. പത്രോസ് 5:2 നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപ്പൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ഇടവകകളുടെമേൽ കർതൃത്വം നടത്തുന്നവരായിട്ടില്ല, ആട്ടിൻകൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്‌വീൻ' വീണ്ടും 1 തിമൊത്തി 3:2-4 "എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കണം. മദ്യപ്രിയനും തല്ലുകാരനും, അരുത്. ശാന്തനും കലഹിക്കാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം.' ഇവിടെ ഒരു ആത്മപരിശോധന നടത്തുമ്പോൾ എത്രപേരെ നമുക്ക് ഇടയന്മാരായി- യേശുവിന്റെ- സഭയെ നയിക്കുന്നവരെ കാണാം. നീക്കേണ്ടതും നീക്കിയും, കൊള്ളേണ്ടത് കൊണ്ടും വേണം സഭ മുന്നേറേണ്ടത്. നമ്മുടെ പൗരോഹിത്യത്തെപ്പറ്റി ചോദിച്ചാൽ അതു മൽക്കി സദേക്കിന്റെ ക്രമപ്രകാരം എന്നു നാം തെളിയിക്കണം. എബ്രായർ 7:14 "യഹൂദയിൽ നിന്നു നമ്മുടെ കർത്താവു ഉദിച്ചു എന്നുള്ളത് സ്പഷ്ടമല്ലേ. ആ ഗോത്രത്തോടെ മോശ പൗരോഹിത്യം സംബന്ധിച്ചു ഒന്നും കല്പിച്ചിട്ടില്ല'. ഗലാത്യർ 4:10-11 നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു. വീണ്ടും കൊലോസ്സ്യർ 2:16 'അതുകൊണ്ടു ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശാബത്ത് എന്ന കാര്യങ്ങളിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരാനിരിക്കുന്നവരുടെ നിഴലത്രെ. ഇവിടെയെല്ലാം മറ്റുള്ളവരുടെ ചോദ്യത്തിനു വ്യക്തവും സ്പഷ്ടവുമായ ഉത്തരങ്ങൾ നൽകാൻ നമുക്ക് കഴിയണം.


റോമർ 1:25 'ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു." ഇതെല്ലാം ശരിയാണോ, ആലോചിക്കുക. എബ്രായർ 13:7 "നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ". ഇവയെല്ലാം പരിശുദ്ധാത്മ നിയോഗത്തിൽ എഴുതിയതാണെന്നും അതുംപ്രകാരം ജീവിക്കണം എന്നും ബോധവത്ക്കരണം നടത്തുക. ഇവർ കാണിച്ചുതന്ന വഴിയിൽ ഇന്ന് സഞ്ചരിക്കുന്നവർ എത്ര പേരുണ്ട്? ഇവരുടെ പേരിൽ ആദായമാർഗ്ഗം ഉണ്ടാക്കുകയല്ലേ ചെയ്യുന്നത്. 1 തിമൊ. 6:5 അവർ ദൈവഭക്തി ആദായ സൂത്രം എന്നു വിശ്വസിക്കുന്നു.

ഈ ഭൂമിയിലെ ആദായ സൂത്രത്തിൽ നിന്ന് മാറി സ്വർഗ്ഗത്തിൽ നിക്ഷേപം ദൈവവിഷയമായി സമ്പന്നനാകുവാൻ ഉണ്ടാകുവാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കുമ്പോൾ ഈ വൃക്ഷത്തിൽനിന്ന് കൊഴിച്ചിലും വാടലും കുറയും. അരുതാത്ത കൂടും, വേണ്ടാത്ത വളർച്ചയും ഉണ്ടാവുകയില്ല. സങ്കീ. 92:12 "അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും. വെളിപാടു പുസ്തകത്തിൽ പറയുന്നതുപോലെ വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു. അതുപോലെ സഭയാകുന്ന വൃക്ഷത്തിലെ നാം ഓരോരുത്തരും മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നവരാകണം. നമ്മുടെ പ്രവൃത്തി യഹോവയ്ക്ക് പ്രസാദകരമാകു

മ്പോൾ സദൃശ്യവാക്യങ്ങൾ 16:7 "ഒരുത്തന്റെ വഴികൾ യഹോവയ്ക്ക് ഇഷ്ടമായിരിക്കുമ്പോൾ അവൻ അവന്റെ ശത്രുക്കളെയും അവനോട് ഇണക്കുന്നു." ഇങ്ങനെയുള്ള പ്രവർത്തികൾ കാണുമ്പോഴാണ് ഹോശേയാ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ (14:5 അവൻ താമരപോലെ പൂത്തു ലെബനോൻ വനംപോലെ പൂത്തു ലെബനോൻ വനം പോലെ വേരൂന്നും. അവന്റെ കൊമ്പുകൾ പടരും, അവന്റെ ഭംഗി ഒലിവുവൃക്ഷത്തിൻ ഭംഗിപോലെയും അവന്റെ വാസന ലെബനോന്റേതുപോലെയും ഇരിക്കും. ഇതെല്ലാം വരുമ്പോൾ സങ്കീ. 133 ൽ പറയുന്നതുപോലെ ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. ഈ സാഹോദര്യവും ഐക്യവും വരുമ്പോൾ കൊമ്പും ഇലയും വാടാതെയും തായ്ത്തടിയും നാരായവേരും ശക്തിയോടെ നിലനിൽക്കും.

യെശയ്യാ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുളപൊട്ടി പുറപ്പെടും, ഈ മുളയായിരിക്കണം സഭ. ഈ സഭ വേരുകളിൽ നിന്നുള്ള കൊമ്പായിരിക്കണം ഫലം കായ്ക്കേണ്ടത്. ഈ മുള വാടുകയില്ല. ഈ കൊമ്പ് ഉണങ്ങുകയില്ല, കാരണം ഇതാണ് സാക്ഷാൽ യേശുക്രിസ്തു. ഈ യേശുക്രിസ്തുവാകുന്ന മരത്തിലെ ഫലങ്ങൾ ആവട്ടെ നാം ഓരോരുത്തരും. ●

# ക്നാനായ വിമൻസ് അസ്സോസിയേഷൻ 2019 ലെ പുതിയ ഭാരവാഹികൾ



**റവ. ഫാ. രാജൻ ഏബ്രഹാം**
(എക്സ് ഒഫീഷ്യോ)



**റവ സി. ശൈനോ**
മദർ സുപ്പീരിയർ
(പ്രസിഡന്റ്)



**സെലിമാ ജോസഫ്**
പെരുമാച്ചേരി
(വൈ. പ്രസിഡന്റ്)



**ബിൻസി സ്കറിയ**
കുന്നത്തുകര
(ജനറൽ സെക്രട്ടറി)



**കുഞ്ഞുമോൾ സ്റ്റീഫൻ**
കൈപ്പുഴ
(ട്രസ്റ്റി)



**എമി സ്കറിയ**
തേവർവാലടി
(ജോ. സെക്രട്ടറി)



**ലില്ലിക്കുട്ടി അലക്സ്**
ഇടയാടിയിൽ
(ഓഡിറ്റർ)



## കമ്മറ്റി മെംബേഴ്സ്

സുനിത കുറിയാക്കോസ് ഐത്തല സെന്റ് കുറിയാക്കോസ്, റജി തോമസ് കറ്റൂർ സെന്റ് മേരീസ്, ഷൈനി ചെറിയാൻ, മന്ദിരം ചാപ്പൽ, മറിയാമ്മ തോമസ്, മന്ദമരുതി സെന്റ് മേരീസ്, പ്രീതി സ്ക്കറിയ ഇട്ടിയപ്പാറ ചാപ്പൽ, ലീലാമ്മ തോമസ് റാന്നി വലിയപള്ളി, കുഞ്ഞുമോൾ തോമസ് എറണാകുളം, സുജ സ്ക്റിയ നീലംപേരൂർ സെന്റ് ജോർജ്, ആലീസ് പുന്നൂസ് ഇരവിപേരൂർ സെന്റ് മേരീസ്, വത്സമ്മ ജോക്കബ് കല്ലിശ്ശേരി സെന്റ് മേരീസ്, ചിന്നമ്മ ഏബ്രഹാം തെങ്ങേലി മാർ ഇഗ്നാത്തിയോസ് എന്നിവരേയും തെരഞ്ഞെടുത്തു.

കഴിഞ്ഞ ലക്കം തുടർച്ച




ഫാ. റോയി മാത്യൂസ്, മുളമൂട്ടിൽ

# സഭയുടെ പുനർനിർമ്മാണം ഏതു മാതൃക പ്രകാരം

## (അപ്പോ.11:19-30)

ഇന്ന് സഭയെപ്പറ്റിയും നടത്തിപ്പുകാരെപ്പറ്റിയും സഭയ്ക്ക് ഉള്ളിൽനിന്നും പുറത്തുനിന്നും വളരെ വിമർശനം ഉണ്ടാകുന്നുണ്ട്. മാധ്യമങ്ങൾ നമ്മുടെ സഭയിലെ പള്ളി വഴക്കുകൾ കണ്ട് വിമർശിച്ചുകൊണ്ട് പൗരോഹിത്യത്തെയും സത്യവിശ്വാസത്തെയും അവഹേളിച്ചു സംസാരിക്കുന്നത്കേട്ട് മടുത്തിരിക്കുകയാണ് സഭാ മക്കൾ. എത്ര കേട്ടാലും ലജ്ജ ഇല്ലാത്ത സഭാ നേതൃത്വം ആർക്കും വേണ്ടാത്ത നിയമങ്ങളും പൊക്കിപ്പിടിച്ചുകൊണ്ട് സത്യവേദപുസ്തകത്തെക്കാൾ അതിന് പ്രാധാന്യം കല്പിച്ചുകൊണ്ട് നശിപ്പിക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതു കാണുമ്പോൾ ദുഃഖം തോന്നുകയാണ്. സഹോദരന് നിന്റെ നേരേ വല്ല വിരോധവും ഉണ്ട് എന്ന് നിനക്ക് തോന്നിയാൽ നീ ചെന്ന് ആദ്യം സഹോദരനോട് രമ്യമാകുക പിന്നീട് വന്ന് ബലി അർപ്പിക്കുക എന്നതാണ് വേദപുസ്തക പ്രമാണം. അതു പാലിക്കാതെ ദിവ്യബലിയാണെന്നു പറഞ്ഞു കാണിക്കുന്ന വി. കുർബ്ബാനയിലെ സമാധാനം നൽകുവാൻ എങ്ങനെ സാധിക്കും. ഇതെല്ലാം കണ്ടും കേട്ടും ജനം മടുത്തു മറ്റ് ആരാധനാ സ്ഥലങ്ങളിലേക്ക് ചേക്കേറുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ സഭ അപ്രസക്തമാണെന്നാണ് വിമർശനം. ഇന്നത്തെ നീറുന്ന നിരവധി പ്രശ്നങ്ങളോടു ബന്ധപ്പെടുന്നില്ല. നമ്മുടെ സഭയുടെ ആശയങ്ങൾ ഒക്കെ നല്ലതുതന്നെ പക്ഷേ ഇക്കാലത്തു അവ പ്രസക്തമല്ല. നമ്മുടെ ജീവിതത്തിന്റെ അനുദിന പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ ജനങ്ങളെ അവ സഹായിക്കുന്നില്ല. ഇതാണ് വിമർശനം.

ഞാൻ 2 വർഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ പോയി അവിടെ ഉള്ള പള്ളികൾ സന്ദർശിക്കുകയുണ്ടായി. 16-ാം നൂറ്റാണ്ടു മുതൽ ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും മിഷനറിമാരെ അയച്ചു സുവിശേഷം പ്രചരിപ്പിക്കുവാൻ തക്കവണ്ണം വളർന്ന സഭ. അംബരചുംബികളായ ദോവാലയങ്ങൾ എല്ലായിടത്തും കാണാം. പക്ഷേ ആരാധനയ്ക്ക് ആളുകൾ ഇല്ലാതെ പള്ളികൾ അക്രൈസ്തവർ വിലയ്ക്കുവാങ്ങി ക്ലബുകൾ ഉണ്ടാക്കുന്നു. ജനങ്ങൾ പള്ളിയിൽ വരാറേ ഇല്ല. കേസുകളും വഴക്കുകളും കൊണ്ട് അധ:പതിച്ച ഈ സഭയുടെ അവസ്ഥയും ഏറെക്കുറെ ഇതുപോലെ ആകുമോ എന്ന് ഞാൻ ഭയക്കുന്നു. നാം കാക്കുന്ന മൂല്യങ്ങൾ സർവ്വ പ്രധാനങ്ങളും ഏറ്റവും വിലപ്പെട്ടവയും അത്രേ. സകല സത്യത്തിന്റെയും മൂർത്തീഭാവമായ ക്രിസ്തു നല്കുന്ന മൂല്യങ്ങൾ അണ് അവ. അതുകൊണ്ട് അവ ഏറ്റവും വിലയുള്ളവയാണ് ക്രിസ്തീയ ചരിത്രകാരനായ ഹാർനാക്കിന്റെ പ്രസ്താവന ഇങ്ങനെയാണ്.

ക്രിസ്തീയ മതം ഒരു പ്രശ്നത്തിനും തയ്യാറാക്കിയ പ്രതിവിധികൾ നല്കുന്നില്ല. ജീവിതത്തിന് ലക്ഷ്യങ്ങൾ നല്കുകയും ആ ലക്ഷ്യങ്ങളിലേക്ക് നീങ്ങുവാൻ ശക്തി നൽകുകയും ആണ് ചെയ്യുന്നത്.

സഭയ്ക്ക് ആധുനിക പ്രശ്നങ്ങൾക്കും പരിതസ്ഥിതികൾക്കും പ്രസക്തമായ ദൂത് നല്കുവാനില്ല എന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം ദൈവരാജ്യം നമ്മുടെ ഇടയിൽ ഉദ്ഘാടനം ചെയ്ത ക്രിസ്തുവാണ് സഭയുടെ കേന്ദ്രം. മനുഷ്യനെ രൂപാന്തരപ്പെടുത്തുവാനുള്ള ശക്തി അവനുണ്ട്. അവൻ മനുഷ്യ ജാതിയെ പുതുക്കി സൃഷ്ടിക്കുവാൻ കഴിവുള്ളവനാണ്.

ഞാൻ സഭയിൽ വിശ്വസിക്കുന്നു എന്റെ ആത്മാവിന്റെ മാതാവ് ഈ സഭയാണ്. സഭയിൽ കൂടിയാണ് ഞാൻ എന്റെ രക്ഷകനെ കണ്ടെത്തിയത്. എന്റെ പാപങ്ങൾക്ക് പരിഹാരം ലഭിച്ചതും ഈ സഭയിൽ കൂടിയാണ്. സഭയ്ക്ക് കടന്നു ചെന്നു പ്രവർത്തിക്കുവാൻ കഴിയാത്ത യാതൊരു രംഗവുമില്ല. ആശുപത്രികളും, അതുരാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒക്കെ സഭ നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ സ്ഥാപനങ്ങളുടെ അധ:പതനം ആയിരിക്കാം ഇതുപോലെയുള്ള വിമർശനങ്ങൾക്ക് ഇട നൽകുന്നത്. അതുകൊണ്ട് ഈ വിമർശനങ്ങൾ കണക്കിലെടുത്തു അവയുടെ ആദിമ ലക്ഷ്യങ്ങളിലേക്കും പ്രവർത്തന ശക്തിയിലേക്കും മടങ്ങി പോകേണ്ടത് ആവശ്യമാണ്. മാറി വരുന്ന ചുറ്റുപാടുകൾ നാം മനസ്സിലാക്കി അതിനനുസരിച്ച് നമ്മുടെ സമീപനവും പ്രവർത്തനവിധങ്ങളും മാറ്റണം.

നമ്മുടെ സ്ഥാപനങ്ങൾ, നമ്മുടെ പ്രവർത്തനങ്ങൾ നമ്മുടെ മക്കളുടെ വിദ്യാഭ്യാസം, അവരുടെ ഭാവി ഇവ ഒക്കെയാണ് ആരാധിക്കുന്നത്. ഇന്ന് നമുക്ക് ദൈവത്തെ ആരാധിക്കുന്നത് ആവശ്യമല്ല. ജവഹർലാൽ നെഹ്റു ഭക്രാനംഗൽ അണക്കെട്ട് ഉദ്ഘാടനം ചെയ്തപ്പോൾ ഇതാണെന്റെ ദൈവം എന്റെ ദേവന്മാരും എന്റെ ദേവികളും സാധുക്കളായ സ്ത്രീകളും പുരുഷന്മാരും ആണ് നമ്മുടെ ചിന്താഗതിയും ഏകദേശം ഇതേ രീതിയിലാണ്. നമുക്ക് ഇന്ന് താല്പര്യം പള്ളികളിലാണ്. മറ്റേ പള്ളിയുടെ മുഖവാരത്തേക്കാൾ ഉയർന്നതായിരിക്കണം നമ്മുടെ പള്ളിയുടെ മുഖവാരം. നമുക്ക് അതേയുള്ളു താല്പ്പര്യം. പള്ളിയേയും നമ്മുടെ സ്ഥാപനങ്ങളേയും നാം ദൈവമായി ഉയർത്തിയിരിക്കുകയാണോ. യേശുവിനെ നാം ദൈവമായി കണ്ടുകൊണ്ടാണോ ജീവിക്കുന്നത് എന്നു നാം പരിശോധിക്കേണ്ടതാണ്.

യേശുക്രിസ്തു ശീമോനെ വിളിച്ചു ബർയോനാ ശീമോനേ നീ ഇവയെക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. മൂന്നാം പ്രാവശ്യം ഉവ്വ് കർത്താവേ എന്നു തീർത്തു പറഞ്ഞപ്പോഴാണ് ആടുകളെ മേയിക്കുവാൻ താൻ അവനെ അധികാരപ്പെടുത്തിയത്. കൈസർക്ക് ഉള്ളത് കൈസർക്കും ദൈവത്തിന് ഉള്ളത് ദൈവത്തിനും കൊടുക്കണം. ദൈവത്തിന് മുൻതൂക്കം നൽകിക്കൊണ്ട് യേശുക്രിസ്തുവിന്റെ ഭാവം നമ്മിളിലുമുണ്ടായിക്കൊണ്ട് യേശുവിനെപ്പോലെ ജീവിക്കുവാനും നമ്മെ കാണുന്നവർ ക്രിസ്ത്യാനികൾ എന്ന് സാക്ഷിക്കുമാറ് അന്ത്യോഖ്യായിലെ സഭയെപ്പോലെ നമുക്ക് വ്യത്യാസപ്പെടാം.

**അന്ത്യോഖ്യായിലെ സഭയുടെ പ്രത്യേകതകൾ**

1) അവർ മനുഷ്യരെ പിടിക്കുന്നവർ ആയിരുന്നു.

യേശുക്രിസ്തു ഗലീലാ കടൽക്കരയിൽവെച്ച് ശീമോനോടും അന്ത്രയോസിനോടും ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് കല്പിച്ചു. കേട്ട മാത്രയിൽ അവർ

വലയും വള്ളവും സകലതും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. (മർക്കോ. 1:16–20). വലിയ കഷ്ടങ്ങളുടെയും ഉപദ്രവങ്ങളുടെയും പരിഹാസങ്ങളുടെയും നിന്ദകളുടെയും രമ്യത്തിൽ അവർ സ്വത്തുക്കൾ എല്ലാം ഉപേക്ഷിച്ച് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് നടന്നു. പാപത്തിൽ മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരെ പിടിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കുക. ക്രിസ്തുവിന്റെ ശബ്ദം ഇന്നും മാറ്റൊലി കൊള്ളുന്നു. സകലതും വിട്ട് എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.

**2) മറ്റുള്ളവരെ കരുതലുള്ള സഭയായിരുന്നു.**

യെരുശലേമിൽ വലിയ ക്ഷാമം പൊട്ടിപ്പുറപ്പെട്ടപ്പോൾ ധനശേഖരം എടുത്ത് കൊടുത്തയച്ച സഭ. ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തു. ചിന്തകനായ ബാറൺവോൺ ഹ്യൂഗൽ ക്രിസ്ത്യാനിക്ക് കൊടുത്തിരുന്ന നിർവചനം “കരുതലുള്ളവൻ” എന്നാണ്. കർത്താവ് പറയുകയാണ്: ‘ഈ ഏറ്റവരിൽ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തതെല്ലാം എനിക്കു ചെയ്തു എന്ന് കൂടുതൽ കരുതൽ ഉള്ളവൻ കൂടുതൽ മെച്ചപ്പെട്ട ക്രിസ്ത്യാനികളാണ്. ഉത്തമ ക്രിസ്ത്യാനികൾ ശത്രുക്കൾക്കു വേണ്ടിയും കരുതുന്നവരാണ്.

**3. ആ സഭയിൽ ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നു.**

അദ്ധ്യാപകൻ യാഥാസ്ഥിതികനാണ്. ഒരു തലമുറയിലെ വിജ്ഞാനവും മൂല്യങ്ങളും നഷ്ടപ്പെടാതെ അടുത്ത തലമുറകളിലേക്ക് പകർന്നുകൊടുക്കുകയാണ് അദ്ധ്യാപകന്റെ ജോലി. ‘സ്വർഗ്ഗരാജ്യത്തിനു ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽനിന്നും പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശ്യനാകുന്നു” എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു ഇതിൽ ഈ രണ്ടു സമീപനങ്ങളെയാണ് സൂചിപ്പിക്കുന്നത്. പഴയത് യഥാസ്ഥിതികത്വവും പുതിയത് ഉല്പതിഷ്ണത്വവും. ഒരു നല്ല വീട്ടുടയവനിവ രണ്ടും ഉണ്ടായിരിക്കും ഇവ രണ്ടും വേർ പിരിക്കാതെ സൂക്ഷിച്ചുകൊണ്ട് സത്യവിശ്വാസം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിക്കുന്നതിന് നേതൃത്വം കൊടുത്ത സഭയായിരുന്നു അന്ത്യോഖ്യൻ സഭ.

അധികാരമുള്ളവരായി പഠിപ്പിച്ചുകൊണ്ട് ക്രിസ്തുവിനോടുള്ള വിധേയത്വം മുറുകെ പിടിച്ചുകൊണ്ട് സ്വാർത്ഥലാഭം ഒട്ടുമില്ലാതെ ത്യാഗപൂർണ്ണമായ പ്രവർത്തനം കാഴ്ചവച്ചു.

**4) തമ്മിൽ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ള ശക്തന്മാരായ നേതാക്കളെ ഒരുമിച്ചുകൊണ്ടുപോയ ഒരു സഭയായിരുന്നു**

ഒന്നാമത്തെ മിഷനറി യാത്രയിൽ നിന്നും പൗലോസും ബർന്നബാസും മടങ്ങിവന്നു. കുറേനാൾ കഴിഞ്ഞ് അവർ സ്ഥാപിച്ച സഭകൾ വീണ്ടും സന്ദർശിക്കുന്നതിനു തീരുമാനിച്ചു. മർക്കോസിനെകൂടി കൊണ്ടുപോകുന്നതിനെക്കുറിച്ച് പൗലോസും ബർന്നബാസും തമ്മിൽ തർക്കിച്ചു. ഇന്നായിരുന്നെങ്കിൽ രണ്ടു കക്ഷിയായിരുന്നേനേ. അന്ത്യോഖ്യായിലെ സഭ ഭിന്നിച്ചില്ല. പൗലോസ് ശീലാസിനെകൂട്ടിക്കൊണ്ട് ഒരു വഴിക്കും മർക്കോസും ബർണാബാസുംകൂടി മറ്റൊരുവഴിക്കും പോയി. അവരുടെ വിശ്വാസത്തിന്റെ കേന്ദ്രം മർക്കോസും പൗലോസും ഒന്നുമല്ല ക്രിസ്തുവത്രെ.

5) അവർക്ക് ജീവിക്കുന്നതിന് ആചാരമായ ഒരുവിശ്വാസം ഉണ്ടായിരുന്നു. പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം എന്ന് യൂദാ. 3–ാം വാക്യം പറയുന്നു. (Orthodox faith) അതിവിശുദ്ധ വിശ്വാസമെന്നും വിലയേറിയ വിശ്വാസമെന്നും സത്യവിശ്വാസമെന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസം ഒന്ന് മാമോദീസ രണ്ട് എഫേ. 4ൽ പറയുന്നു.

6) അവർക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. ( A purpose to live for)

ദൈവം ഏതൊരു ഉദ്ദേശത്തിനുവേണ്ടി തന്റെ സഭയെ ലോകത്തിൽ ആക്കിയോ അതു നിവർത്തിക്കണമെന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം.

7. അവരിൽ തമ്മിൽ ബന്ധിപ്പിക്കുന്നതായ ഒരു ഐക്യത ഉണ്ടായിരുന്നു. ( A unity that was unique).

വിശ്വാസികളുടെ സമൂഹം ഏക മനസ്സും ഏക ഹൃദയവും ഉള്ളവരായിരുന്നു. പത്രോസും യോഹന്നാനും ഒരുമിച്ചാണ് ദേവാലയത്തിലേക്കു കയറി പോയത്. ഒരുമിച്ച് ദിനംതോറും കൂടി വന്നു ശത്രുക്കളുടെ ഭീതി കേട്ടപ്പോൾ സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചു.

8). ഇതിലെല്ലാം അധികമായി അവരിൽ പ്രത്യേക്ഷമായത് അവരുടെ പ്രാർത്ഥനയാണ്. വ്യക്തികളായും കൂട്ടമായും അവർ പ്രാർത്ഥിച്ചു. ജനം ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ പത്രോസ് കാരാഗൃഹത്തിൽനിന്നു വിടുവിക്കപ്പെട്ടു.

9) ക്രിസ്തുവിനുവേണ്ടി സകലതും ഉപേക്ഷിക്കുവാൻ മനസ്സുള്ളവരായിരുന്നു. വസ്തുവകകൾവിറ്റ് അപ്പോസ്തലന്മാരുടെ കാൽക്കൽവച്ചു. നമ്മുടെ മലങ്കര സഭ അന്ത്യോഖ്യൻ സഭയുടെ ഒരു ഘടകമാണ്. അതിൽ കൂടുതൽ ആഴമായ വിധത്തിൽ ഈ അന്ത്യോഖ്യാ സഭയുടെ സ്വഭാവവുമായി ബന്ധപ്പെടുവാൻ നമ്മുടെ സഭയ്ക്ക് ഇടയായി ഒരു മാതൃക സഭയായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ശാസ്ത്രവും സാഹിത്യവും സംഗീതവും

(10–ാം പേജ് തുടർച്ച)

ടിൽ പുതിയ കോശങ്ങൾ സൃഷ്ടിക്കുന്നു. മനുഷ്യത്വത്തെ വളർത്താനാണ് ഉദാത്തോജ്വലങ്ങളായ കൃതികളെല്ലാം പ്രേരണ നൽകുന്നത്. കള്ളനായ ജീൻവാൽ ജീൻ ഡിഗ്നിയിലെ മെത്രാന്റെ സ്നേഹോദാരമായ പെരുമാറ്റം കൊണ്ട് ഉല്ക്കൃഷ്ട മനുഷ്യനായി മാറുന്നത് വിക്ടർ യൂഗോ പറയുമ്പോൾ നാം ഹൃദയം കൊണ്ടേറ്റു വാങ്ങുന്നു. രാമന്റെ തെറ്റുകൾ ചൂണ്ടിക്കാണിച്ച്, അദ്ദേഹത്തെ ചോദ്യം ചെയ്യുന്ന സീതയെയാണ് കുമാരനാശാൻ അവതരിപ്പിച്ചത്. സ്ത്രീത്വത്തിന്റെ മഹത്വത്തെ ഉദ്ഘോഷിപ്പിക്കുകയാണ് കവി. സാഹിത്യത്തിനു സമൂഹത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതുകൊണ്ടാണ് എഴുത്തുകൾ ആദരിക്കപ്പെടുന്നത്. “A good book is the precious life blood of a masterspirit” എന്നു മറക്കാതിരിക്കുക, അവരുടെ ജീവരക്തം നമ്മുടെ സിരകളിലേക്കു പകരട്ടെ.

ശാസ്ത്രജ്ഞനായ ഐൻസ്റ്റെൻ നല്ലൊരു വായനക്കാരനായിരുന്നു. ഷേയ്ക്സ്പിയറുടെ ട്രാജഡികളാണ് ഏറെ ഇഷ്ടപ്പെട്ടിരുന്നത്. ശാസ്ത്രത്തോടും സാഹിത്യത്തോടൊപ്പം സംഗീതവും അഭ്യസിച്ചിരുന്നു. ഒന്നാന്തരമൊരു വയലിൻവാദകനായിരുന്നു അദ്ദേഹം. സംഗീതത്തിന്റെ താളം ആ ഹൃദയത്തിൽ സ്പന്ദിച്ചിരുന്നു. ഗോളങ്ങളുടെ ചലനശബ്ദത്തെ Celestial song (സ്വർഗ്ഗീയസംഗീതം) എന്നാണല്ലോ ഗലീലിയോ ഗലീലി വിശേഷിപ്പിച്ചത്. ഏറ്റവും മൗലികമായ കല സംഗീതമാണെന്നു പറയും. അതിനു കാലമോ ദേശമോ ഭാഷയോ ഇല്ല. എല്ലാവർക്കും ആസ്വദിക്കാം.

പശുർവേത്തി ശിശുർവേത്തി
വേത്തി ഗാനരസം ഫണി:

എന്നാണ് ഭാരതീയ സങ്കല്പം. പശുവിനും ശിശുവിനും പാമ്പിനും സംഗീതം ആസ്വദിക്കാം. കലയും ശാസ്ത്രവും തത്വചിന്തയും ഇതരവിജ്ഞാനങ്ങളും ആനുപാതികമായി പഠിക്കുമ്പോഴാണ് മനുഷ്യത്വം പൂർണ്ണമാകുന്നത്.



ഡോ. സുനിൽ ഡി. കുരുവിള

# തൊഴിലില്ലായ്മക്ക് പഠിക്കുന്ന രാജ്യം

രാജ്യം കഴിഞ്ഞ് നാല് ദശകത്തിലെ ഏറ്റവും വലിയ തൊഴിൽ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. നാഷണൽ സാമ്പിൾ സർവ്വേ (NSSO) ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം 2017–18 ൽ തൊഴിലില്ലായ്മയുടെ തോത് 6.1% ആണ്. അതായത് കഴിഞ്ഞ നാലു ദശകത്തിലെ ഏറ്റവും വലിയ പ്രതിസന്ധി. നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് മിഷ്യന്റെ കണക്കു പ്രകാരം 90% തൊഴിലന്വേഷകരും തൊഴിൽ നൈപുണ്യ പരിശീലനം ഉള്ളവരല്ല.

ശരാശരി ഒരു കോടി ഇരുപതുലക്ഷം പേർ ഓരോ വർഷവും രാജ്യത്തെ തൊഴിൽ അന്വേഷകരുടെ കൂട്ടത്തിലേക്ക് ചേർക്കപ്പെടുന്നു. എന്നാൽ അതിനു ഒട്ടും തന്നെ അനുപാതമായല്ല തൊഴിൽ രംഗത്തിന്റെ വളർച്ച. ശരാശരി 7% വളർച്ചയുള്ള ഒരു സമ്പദ്ഘടനയ്ക്ക് ഇത് അപമാനകരമാണ്. 'Jobless growth' എന്ന ഒരു പുതിയ വിശേഷണമാണ് സാമ്പത്തിക വിദഗ്ദ്ധർ ഇപ്പോൾ ഭാരതത്തിനു ചാർത്തിയിരിക്കുന്നത്. ഇനിയും ഈ സ്ഥിതി വഷളായാൽ നമ്മുടെ രാജ്യത്തിന്റെ ജനസംഖ്യാപരമായ സാധ്യത വലിയ ബാധ്യതയായി മാറും സംശയമില്ല.

നോബൽ ജേതാവായ സാമ്പത്തിക ശാസ്ത്രജ്ഞൻ പോൾക്രുഗ്മാനും മറ്റും ഭാരതത്തിന് വരാൻ പോകുന്ന വലിയ തൊഴിൽ പ്രതിസന്ധിയെക്കുറിച്ച് താക്കീത് നൽകുന്നു. സേവന രംഗം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് ഭാരതത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ സൃഷ്ടിക്കാൻ ഭാവിയിൽ കഴിയില്ല. മാന്യുഫാക്ചറിംങ്ങ് രംഗം ശക്തിയായി വളർന്നെങ്കിലെ ഭാവിയുള്ളു. ആർട്ടിഫിഷ്യൽ ഇന്റിലിജൻസും മറ്റു ലോക സാങ്കേതിക രംഗം കീഴടക്കുമ്പോൾ ഇന്ന് നിലവിലുള്ള ഭൂരിപക്ഷം തൊഴിൽ മേഖലകളും അപ്രത്യക്ഷമായേക്കാം. ഇതിനെ നേരിടാൻ വലിയ തയ്യാറെടുപ്പ് ആവശ്യമാണ്.

"Come, make in India, we will say to the world, from electrical to electronics". Prime Minister Modi said in his maiden Indipendence Day speech, pleadging to create 100 million new jobs by 2022.

മൂന്നേകാൽ കോടി വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ജോലി തേടി രാജ്യത്ത് അലയുന്നു (Center for Monetoring Indian Economy) തൊഴിലന്വേഷകരെ മാത്രം സൃഷ്ടിച്ചുകൊണ്ട് നമുക്ക് മുൻപോട്ടു പോകാനാവില്ല. തൊഴിൽ സംരംഭകരെ കൂടി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. Entrepreneurship യുവാക്കൾ ഒരു ആശയമായും ആവേശമായും വളർത്തേണ്ടിയിരിക്കുന്നു. രാജ്യത്തെ പകുതിയിലധികം ജനങ്ങൾ 25 വയസിനു താഴെയുള്ള ഒരു രാജ്യം Young India- ഒരു വലിയ സാധ്യതയാണ്. ഒപ്പം ഉയർന്നു ചിന്തിച്ചില്ലെങ്കിൽ വലിയ വെല്ലുവിളിയായി മാറും.

പുതിയ സാങ്കേതിക വിദ്യകൾ എല്ലാം തൊഴിൽ കുറയ്ക്കാൻ കഴിവുള്ളവയാണ്. നരച്ചുകൊണ്ടിരിക്കുന്ന വൻകിട രാജ്യങ്ങൾക്ക് അത്തരം സാങ്കേതിക വിദ്യ ആവശ്യമാണ്. എന്നാൽ ഭാരതം innovative വായി അതിനെ നേരിടാൻ പ്രാപ്തമാകണം. Artifical Inelligence ഉം Robotic Science ഉം ഒക്കെ ലോകത്ത് പിടിമുറുക്കുമ്പോൾ അതിനെ നേരിടാൻ കെൽപ്പുള്ള മേന്മയുള്ള മാനവശേഷി നമ്മൾ ലക്ഷ്യം വെച്ചേ മതിയാകൂ. Mechine നു കളെക്കാൾ മെച്ചപ്പെട്ട മനുഷ്യനെ നമുക്ക് ലോകത്തിന് സംഭാവന ചെയ്യാൻ കഴിയണം.

Manufacturing രംഗം പ്രോത്സാഹിപ്പിക്കപ്പെടണം. നൈപുണ്യമുള്ള തൊഴിലാളികളെയും, മാനേജ്മെന്റ് കളെയും രൂപപ്പെടുത്താൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ശേഷിയുണ്ടാവണം. അടിസ്ഥാന സൗകര്യവികസനവും, വ്യവസായ-സൗഹൃദമായ സർക്കാർ സമീപനവും വൻതോതിൽ ലക്ഷ്യം വെച്ചാലെ മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുകയുള്ളു. രാഷ്ട്രീയത്തിന്റെയും, മത-സാമൂഹിക ശക്തികളുടെയും മനോഭാവ നവീകരണവും സമാധാനപരമായ പ്രചോദനാത്മകമായ ഒരു ബിസിനസ്സ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അനിവാര്യമാണ്.

വിദ്യാഭ്യാസത്തിൽ നിന്നുമാണ് പരിഷ്ക്കാരങ്ങൾ ആരംഭിക്കേണ്ടത്. എല്ലാവരെയും ജയിപ്പിച്ചതുകൊണ്ട് തൊഴിൽ നൽകാൻ കഴിയില്ലല്ലോ! അച്ചടക്കബോധവും, ലക്ഷ്യബോധവും, നൈപുണ്യങ്ങളുമുള്ള ഒരു യുവത-അതാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നേതൃത്വഗുണവും, ചിന്താശേഷിയും, കാഴ്ചപ്പാടും ചെറുപ്പത്തിലെ കുട്ടികളിൽ വളർത്തി എടുക്കേണ്ടതുണ്ട്. Robotics ഉം Artificial Intellingence-ഉം Cloud computing ഉം ഒക്കെ വന്നതോടെ തൊഴിൽ കുറഞ്ഞുതുടങ്ങി. Bussiness Process outsourcing രംഗത്തും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കാര്യമായ തൊഴിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. അതിനാൽ എല്ലാവരും പ്രൊഫഷണൽ ആവേണ്ട. ഡോക്ടർമാർക്കും തൊഴിൽ പ്രശ്നമായി തുടങ്ങി. ബിരുദധാരികളെ കൂടുതൽ "Value add" ചെയ്യുവാൻ കഴിയണം.

ശരിയായ മാർഗ്ഗ നിർദ്ദേശവും, വിദ്യാഭ്യാസ കാഴ്ചപ്പാടും വിദ്ധ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും നൽകേണ്ടതുണ്ട്. അടിസ്ഥാന തൊഴിൽ മേഖലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ട്. തൊഴിലിനോടുള്ള മനോഭാവം മാറണം. എല്ലാവരും ഉന്നത പഠനത്തിനു പോകേണ്ടതില്ല. അവനവന്റെ അഭിരുചിയും കഴിവും വ്യക്തിത്വവും ഒക്കെ നന്നായി മനസ്സിലാക്കി മേഖലകൾ തെരഞ്ഞെടുക്കാം.

തൊഴിൽ രംഗത്ത് supply കൂടുകയും demand കുറയുകയും ചെയ്യുന്ന ഈ അവസരത്തിൽ ഏറ്റവും മെച്ചപ്പെട്ടവർക്ക് മാത്രമായിരിക്കും സാധ്യത ലഭിക്കുക എന്ന് മനസ്സിലാക്കിക്കൊണ്ട് നന്നായി ഒരുങ്ങാം.

സർക്കാരും മറ്റും ഈ ദിശയിലേക്ക് ഗൗരവമായി ആത്മാർത്ഥമായി പ്രവർത്തിച്ചു തുടങ്ങട്ടെ എന്ന് ആശിക്കാം. രാജ്യത്തെ രാഷ്ട്രീയം ഈ വിഷയത്തിൽ ഒരു സാധ്യത യാണോ അതോ തടസ്സമാണോ എന്നുകൂടി യുവജനങ്ങൾ മനസ്സിലാക്കുകയും. ആവശ്യമെങ്കിൽ അനിവാര്യമായൊരു തിരുത്തലിന് യുവശക്തി കരുത്താർജ്ജിക്കുകയും വേണം.

"രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നിലവാരമി ല്ലാത്ത രാഷ്ട്രീയമാണ്. രാഷ്ട്രീയത്തിന് നിലവാരമുണ്ടാകു മ്പോഴെ ജനം നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കാണുവാ നുള്ള നന്മ നേതാക്കൾക്ക് ഉണ്ടാവുകയുള്ളു."

NSSO യുടെ പഠനങ്ങൾ പൂഴ്ത്തി വെച്ചതും ക്രിയാത്മക മായ യാതൊരു നടപടിയും സർക്കാർ ഭാഗത്തുംനിന്ന് ഉണ്ടാ വാത്തതും യുവ ജനങ്ങൾ ഗൗരവമായി കാണണം.

യുവ തൊഴിൽ സംരഭകരെയും കർഷകരെയും സഹാ യിക്കാൻ സർക്കാരുകൾ താല്പര്യം കാണിക്കുന്നില്ല. ചെറു സംരംഭകരെയും, കർഷകരെയും പ്രോത്സാഹിപ്പിക്കുന്നതി നുപകരം വൻകിട സംരംഭകർക്കും, തട്ടിപ്പുകാർക്കും സഹായം കൊടുക്കുന്നതിലാണ് സർക്കാരുകൾക്ക് താല്പ ര്യം. വിദ്യാഭ്യാസത്തിന്റെ നിലവാരത്തെക്കുറിച്ച് രാജ്യത്ത് ഫലപ്രദമായ ചർച്ചകൾ നടക്കുന്നില്ല. വർദ്ധിച്ചു വരുന്ന ചെറു പ്പക്കാരിലെ അലസത. cyber addiction, മയക്കുമരുന്നു പയോഗം, അപകടങ്ങൾ, മാനസിക രോഗങ്ങൾ. അക്രമവാ സന, നശീകരണ പ്രവർത്തനങ്ങൾ, മൂല്യച്യുതി ഒക്കെ ഇതി നോട് ചേർത്ത് വായിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ഭാവി യെക്കുറിച്ച് ആശങ്കപ്പെടാതിരിക്കാൻ വഴിയില്ല.

രാജ്യം യുവജനങ്ങളെകൊണ്ട് നമ്പന്നമാണ്. അവരെ മികച്ച മാനവശേഷിയായി രൂപാന്തരപ്പെടുത്തുകയും, സാധ്യ തയുള്ളവരാക്കുകയും ചെയ്യുമ്പോളാണ് രാജ്യം സമൃദ്ധിയി ലേക്ക് ഉയരുന്നത്.

# സ്തുതിപ്പുകൾ

**കെ.സി. ബേബി, വെള്ളറട**

മലങ്കര സുറിയാനി ക്നാനായക്കാരായ നമുക്കു ഹല്ലേ ലുയ്യാ പറയുന്നതു ഉറക്കെ ഹല്ലേലുയ്യാ എന്നു വിളിച്ചു പറ യുന്നത് ഒരു കുറച്ചിലെന്നു കരുതുന്ന ചിലർ, അവർ വിചാ രിക്കുന്നതു പെന്തിക്കോസ്തുകാരാണ് ഹല്ലേലുയ്യാ പറ യുന്നത് എന്നാണ്. വി. ബൈബിളിലൂടെ ഈ തെറ്റിദ്ധാ രണ മാറ്റാം (വെളിപാട്. 19:5–76) "സിംഹാസനത്തിൽ നിന്ന് ഒരു സ്വരം കേട്ടു, ദൈവത്തിന്റെ ദാസരും അവിടുത്തെ ഭയ പ്പെടുന്നവരും ചെറിയവരും വലിയവരുമായ നിങ്ങളെല്ലാവ രും, നമ്മുടെ ദൈവത്തെ സ്തുതിക്കുവീൻ, പിന്നെ വലിയ ജനക്കൂട്ടത്തിന്റെയും പെരുവെള്ളത്തിന്റെയും ഗംഭീരമായ ഇടിമുഴക്കത്തിന്റെയും ശബ്ദംപോലുള്ള ഒരു സ്വരം ഞാൻ കേട്ടു ഹല്ലേലുയ്യാ-സർവ്വശക്തനും നമ്മുടെ ദൈവവുമായ കർത്താവു വാഴുന്നു. ഇതിൽ നിന്നും ഹല്ലേലുയ്യാ പാടുന്ന തിന്റെ മഹത്വം മനസ്സിലാക്കാമല്ലോ? മാതാപിതാക്കന്മാർ വരും തലമുറയ്ക്ക് ഇതു പറഞ്ഞുകൊടുക്കുക, വേദപു സ്തകം കുഞ്ഞുങ്ങളുടെ കൂടെ ഇരുന്ന് വായിക്കുവാൻ പരി ശ്രമിക്കുക.

യെശയ്യാ പ്രവാചകൻ 700–750 വർഷങ്ങൾക്കു മുൻപ് പ്രവചിച്ചത്, രക്ഷകൻ വരുമ്പോൾ സ്തുതിപ്പിന്റെ മേലങ്കി നിങ്ങൾക്ക് തരും. ദൈവത്തെ സ്തുതിച്ചുകൊണ്ട് ജീവിക്കു മ്പോൾ നമ്മുടെ എല്ലാ ദുഃശീലങ്ങളും, തിന്മകളും, നമ്മെ വിട്ട് ഓടിപ്പോകും. ദൈവത്തിന് നിരക്കാത്തതായ ഒന്നും നമ്മുടെ മനസ്സിലും ബുദ്ധിയിലും ഇടം പിടിക്കുകയില്ല.

ദൈവം നമുക്ക് തന്ന എല്ലാ നന്മകൾക്കും വേദന കൾക്കും നന്ദി പറയണം. ദൈവഹിതം തിരിച്ചറിഞ്ഞു കൊണ്ട് നാം ജീവിക്കുന്നില്ലെങ്കിൽ ആ നിധി എവിടെ കിട്ടും എവിടെ കിട്ടും എന്ന് അലഞ്ഞ് ഓടി നടന്ന് ഒടുവിൽ അടി പതറി വീഴും. നാം ദൈവത്തെ സ്തുതിക്കുമ്പോൾ, നമ്മുടെ സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തു യേശുവിങ്കൽ കാക്കും (ഫിലി. 4:7)

നമുക്കുണ്ടാകുന്ന അസ്വസ്ഥതകളും, സന്തോഷങ്ങളും, കഷ്ടപ്പാടുകളും, ദുഃഖങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ചു സ്തുതിച്ചാൽ അവയെല്ലാം – ദൈവസമാധാന മാക്കി മാറ്റും. 'എൻ മനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങളും ഒന്നും മറക്കരുതെ. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു. നിന്റെ സകല രോഗ ങ്ങളെയും സൗഖ്യമാക്കുന്നു' (സങ്കീ. 103:2–3). സങ്കീ.103 മുഴു വൻ വായിക്കുക, ദിവസവും

ഇന്ന് സമൂഹത്തിൽ ക്യാൻസർ എന്ന മഹാരോഗത്തെ ക്കാൾ ഭീതി പടർത്തിക്കൊണ്ട് കടന്നുവരുന്ന ഒരു ബാധയാണ് ഭവനത്തിനുള്ളിൽ മക്കളും, മാതാപിതാക്കളും തമ്മിൽ. ദൈവഭയം ഇല്ലാതെ വളർന്നു വരുന്ന മക്കൾ ആണാണെങ്കിലും പെണ്ണാണെങ്കിലും അവർ മാതാപിതാ ക്കൾക്കെതിരായി യുദ്ധം പ്രഖ്യാപിക്കുന്നു ആഭ്യന്തര യുദ്ധം. പലവിധത്തിൽ പറഞ്ഞാൽ അനുസരണയില്ല. ആവ ശ്യമില്ലാത്തതും, അർഹതയില്ലാത്തതും, തങ്ങളുടെ മാതാ പിതാക്കൾക്ക് സാധിച്ചുകൊടുക്കാൻ പററാത്തവയാണെന്ന് അറിയാമെങ്കിൽ പൈശാചിക പ്രേരണയാൽ നിരന്തരം മാതാ പിതാക്കളുടെ സമാധാനം കെടുത്തുന്നു. ഭവനത്തിനു വെളി യിൽ വന്നാലോ, പഠന സ്ഥലങ്ങളിലും, ഹോസ്റ്റലിലും, റോഡിലും തെരുവിലും എന്നുവേണ്ട ഇപ്പോൾ ഈ ന്യൂ ജനറേഷൻ ബാധ ആരാധനാലയങ്ങളേയും വെറുതെ വിടു ന്നില്ല. ഈ മക്കളെ പ്രഹരിച്ചിട്ടോ പലവിധത്തിൽ ശിക്ഷി ച്ചിട്ടോ കാര്യമില്ല. അവരെ ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ഈ മക്കളുടെ ദുശ്ശീലങ്ങളിൽപ്പെട്ട അവ സ്ഥകളെ തമ്പുരാന് വിട്ടുകൊടുത്തുകൊണ്ട് മാതാപിതാ ക്കൾ സന്തോഷത്തോടെ സ്തുതിച്ച് പ്രാർത്ഥിച്ചാൽ മതി ദൈവം നോക്കിക്കൊള്ളും.

"എന്റെ മക്കളെ ധൈര്യമായിരിക്കുവീൻ, ദൈവത്തെ വിളിച്ച് അപേക്ഷിക്കുവീൻ, ദൈവത്തിൽ നിന്നും അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ച് വന്ന് അവിടുത്തെ തേടുവീൻ" (ബാറൂക്ക്:4:27 –28) മലങ്കരക്രമം.

കവിത
മഞ്ജരി

# സുഹൃത്തേ... സുനിശ്ചയം സ്വർഗ്ഗം

കെ. എം. മാനുവൽ, കളപ്പുരയ്ക്കൽ

സൈമൺ സ്റ്റോക്കെന്നൊരു വൈദികൻ ജീവിച്ചു
സത്യസഭയ്ക്കോരലങ്കാരമായി
സൃഷ്ടവസ്തുക്കളെ സ്നേഹിച്ചതില്ലച്ചൻ
'സ്നേഹമാം സൃഷ്ടാവിൻ', സ്നേഹിതനായ്

സ്വർലോക രാജ്ഞിയെ ഓർത്തു പ്രാർത്ഥിക്കാതെ
സൂര്യനുദിക്കില്ല-മാമുനിയ്ക്ക്
സുപ്രഭാത-സന്ധ്യാ പ്രാർത്ഥനയൊക്കെയും
സാമോദമർപ്പിച്ചു സർവ്വേശനായ്.

സത്യദൈവം തന്നിൽ വിശ്വസിപ്പോർക്കെല്ലാം
"സ്വർഗ്ഗം സുനിശ്ചയം, ലഭ്യമാക്കാൻ..
സുന്ദര മാർഗ്ഗമൊന്നാഗ്രഹിച്ചാ ദിവ്യൻ
സ്വർഗ്ഗാരോപിതയിൽ, ആശ്രയിച്ചു.

സൂര്യനെ പട്ടുടുപ്പാക്കുമോ തേജസ്വി
സ്വർലോക വാതിലാം മേരിമാതാ
സ്തുത്യർഹിനി, സുതവാഹിനി, കന്യാംബ
സുഗമമെത്തിച്ചതാണുത്തരീയം

സ്വന്തം ശരീരത്തെ നിർമ്മലമായ് കാക്കാൻ
സാത്താന്റെ തന്ത്രം വൃഥാവിലാക്കാൻ...
'സൽകൃത്യം മാത്രം' നിൻ കൈകൾ പ്രവർത്തിക്കാൻ,
സ്വർഗ്ഗത്തിൽ പേരു രജിസ്റ്റർ ചെയ്യാൻ.

സൽസഭ തൻ, തിരുവസ്ത്ര, സംരക്ഷയായ്
സദാ.... കഴുത്തിൽ അണിഞ്ഞീടുവാൻ
സത്യമീ വസ്തുക, കൃത്യമായ് ചെയ്തൊരു
'സത്ബോധ, നൽമൃത്യു' കൈവരിയ്ക്കാൻ.

സത്യമായ് വീക്ഷിക്കും ഉത്തരീയ സഭാ
സന്താനമൊന്നും നശിച്ചിടാതെ
'സത്യം' വഹിക്കും ഞാൻ, തൽപുത്ര സന്നിധേ
'സാദരം ശ്രേഷ്ഠമാം സ്ഥാനമേകും'

സഭയിൽ ലഭിക്കുന്നു വെന്തിങ്ങം, "കുർബ്ബാന
സ്വീകരിച്ചീടുമ്പോൾ", കുട്ടിക്കാലേ...
സപ്ത വർണ്ണങ്ങളിൽ പാടില്ല വെന്തിങ്ങം,
സ്വീകാര്യമോ? കറുപ്പും തവിട്ടും

'സഭ്യത മാത്രം' നിൻ നാവു സംസാരിക്കാൻ
സത്യമായ് 'കൈവിഷം' ഏൽക്കാതാക്കാൻ.

സൂചിയാൽ സൂക്ഷ്മമായ് തയ്ച്ചു ബലമാക്കാൻ
സ്നാനം ചെയ്യുമ്പോഴും കണ്ഠം ചൂടാൻ.

സൂര്യനെ വെല്ലുന്ന ശോഭയാണീ മാല്യം
സ്വർഗ്ഗ പ്രതിഫലനാഭരണം
സ്നേഹപ്പെരുമഴ തോരാതെ വർഷിക്കാൻ
സ്വപ്നത്തിൽ ദർശനം ലഭ്യമാകാൻ..

സന്തതം ചർമ്മത്തിൽ സ്പർശനമേൽക്കുന്ന
സൃഷ്ട രോമത്താൽ നെയ്തുണ്ടാക്കണം
സദുപദേശത്തിൽ മാതാ- സ്തുതികളെ,
സ്തോത്രങ്ങളോടൊത്തു, പാടിടേണം.

സുരലോക, ഭൂലോക, പാതാള - നായിക
സൂര്യപ്രഭ, ചന്ദ്ര-പീഠ, പാദ
സ്നേഹിച്ചു, സ്നേഹിച്ചു നേരിട്ടു നൽകിയ
സ്കാപ്പുലർകൾ ആദ്യം സൂക്ഷിച്ചീടു

സ്വന്തമാം മക്കളെ സ്നേഹിച്ച താതൻമാർ
"സ്വർഗ്ഗീയ ശക്തിയാം ഉത്തരീയം"
സ്വർഗ്ഗദാനം സ്വർഗ്ഗ സ്വർണ്ണം രത്നാലേപം
"സ്വർഗ്ഗപീഠാർഹം", നൽ മൃത്യുവിങ്കൽ

സദാ ധരിച്ചൂ... സമരായുധമാക്കി, സ്തുതി
സ്തോത്രമർപ്പിച്ചൂ... വിശ്വാസമോടെ
സത്യമാം വാക്കൂ, പറഞ്ഞുവാ കന്യക,
"സ്വർഗ്ഗം" 'ശനി-വര', വാഗ്ദാനത്താൽ.

സാമോദം ഭൂലോകർ, കർമ്മല- മാതാവിൻ
സ്നേഹമീ.... 'മാല' യും ചൂടീടുകിൽ....
സർവ്വശക്ത, 'താതൻ' സംപ്രീതനായിടും
"സർവ്വരും ദൈവത്തെ ദർശിച്ചീടും"

സ്വർലോക വാതിലിലെത്താൻ കഴിയാതെ
സത്യ-ശുദ്ധീകരണാഗ്നി, തന്നിൽ
സ്വർഗ്ഗ പ്രതീക്ഷയിൽ നിത്യം കഴിയുന്ന
സാധുക്കൾക്കായ് ജപമാല ചൊല്ലൂ.

സാക്ഷരലോകമെന്നൂറ്റം കൊള്ളും, മുൻപായ്
"സത്യസഭ തൻ തലപ്പാവിനെ"
സർവ്വർക്കും സ്വർഗ്ഗത്തിൻ മുന്നിലണി ചേരാൻ
സത്,സമ-വസ്ത്രമായ്, നിശ്ചയിക്കൂ.



# മലർവാടിക്കൂട്ടം

കാട് ഭരിക്കുന്നത് സിംഹമാണ്. സിംഹത്തിന്റെ ഭരണം കുറെ ഭീകരവുമാണ്. പ്രജകളെ കടിച്ചുകീറി കൊല്ലുന്നതിൽ യാതൊരുവിധ പരിഗണനയും ഭയവുമില്ല. അതിനാൽ രാജാവിന്റെ കണ്ണിൽ പെടാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കാറുണ്ട്. രാജാവിനും അത് അല്പം വിഷമമുണ്ടാക്കി. പള്ളിനായാട്ട് വേണ്ടതുപോലെ ആകുന്നില്ല. ആരുടെയെങ്കിലും സഹായം തേടണം. ഒരു കഴുതയെ ആണ് കിട്ടിയത്. തന്റെ പ്രശ്നം അവതരിപ്പിച്ചശേഷം സിംഹം പറഞ്ഞു നമുക്ക് രണ്ടുപേർക്കും ഒരുമിച്ചു നായാടാം. വളരെ സന്തോഷം കഴുത പറഞ്ഞു. ഞാൻ അതിൽ അഭിമാനിക്കുന്നു.

മലയുടെ കിഴക്കേ ചെരുവിൽ ഒരു ഗുഹയുണ്ട്. ഏതാനും കാട്ടാടുകളാണ് അവിടെ താമസം. ഗുഹയുടെ കവാടത്തിൻ സിംഹം നിൽക്കും. കഴുത അകത്തുചെന്ന് ആടുകളെ വിരട്ടി പുറത്ത് ചാടിക്കണം. അപ്പോൾ സിംഹത്തിന് അവയെ വക വരുത്തി ഭക്ഷിക്കാം.

അപ്രകാരം കഴുത അകത്തുകയറി ഭീകര ശബ്ദം പുറപ്പെടുവിക്കുകയും പിൻ കാലുകൊണ്ട് ആടുകളെ തൊഴിക്കുകയും ചെയ്തു. ആടുകൾ പലതും സിംഹത്തിന് ഇരയായി. ചിലതൊക്കെ ഭാഗ്യവശാൽ രക്ഷപ്പെടുകയും ചെയ്തു. ഒടുവിൽ കഴുത പുറത്തുവന്നു സിംഹത്തിന്റെ വയർ നിറഞ്ഞിരിക്കുകയാണ്. ബാക്കി ഇറച്ചി ചിതറി കിടപ്പുണ്ട്. നക്കിത്തുടച്ച് ക്ഷീണത്തോടെ കിടക്കുന്ന സിംഹത്തിന്റെ അടുത്തുചെന്ന് കഴുത ചോദിച്ചു. കാട്ടാടുകളെ എന്തു തൊഴിയാണ് ഞാൻ തൊഴിച്ചതെന്നോ. തൊഴിക്കുന്ന ശബ്ദം പുറത്തും കേട്ടു അല്ലേ? എന്റെ അലർച്ച കേട്ടപ്പോൾ അവ മുക്കാലും ചത്തു കഴിഞ്ഞു. കാടുതന്നെ കുലുങ്ങുന്നതുപോല തോന്നി അല്ലേ?

നീ ഒരു കഴുതയാണെന്ന് എനിക്കു നേരത്തെ അറിയുന്നതാണല്ലോ. ഇല്ലായിരുന്നെങ്കിൽ ഞാൻ കൂടെ പേടിച്ച് മരിച്ചുപോകുമായിരുന്നു.

ആധുനിക മനുഷ്യന്റെ ഒരു മുഖമുദ്രയാണ് ഈ വീമ്പു പറച്ചിൽ. പലപ്പോഴും ഒടുവിൽ പരജയപ്പെടുന്നു. എല്ലാം നമ്മുടെ കഴിവല്ല ദൈവത്തിന്റെ ദാനമാണ്. ദൈവത്തെ കൂടാതെ ഒന്നും ആകയില്ല.

സ്വയം വീമ്പു പറയുന്നവൻ ഒടുവിൽ അപഹസിക്കപ്പെടുന്നു.

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

യെശയ്യാവ് 16–34
വി. മത്തായി 1–14)

1. സർപ്പസന്തതികളെ എന്ന് പരീശന്മാരെ വിളിച്ചതാര്?
2. സർഗോന്റെ കല്പന പ്രകാരം അശ്ദോദ് പിടിച്ചടക്കിയതാര്?
3. നഗ്നനായും, ചെരുപ്പിടാതെയും നടന്ന ഒരു പ്രവാചകൻ ആര്?
4. പ്രഭാതവും, രാത്രിയും വന്നിരിക്കുന്നു എന്നു പറഞ്ഞതാര്?
5. ഏതു താഴ്‌വരയെക്കുറിച്ചാണ് യെശയ്യാവിനു ദർശനം ലഭിച്ചത്?
6. യിശ്ശായിയുടെ പിതാവിന്റെ പേരെന്തായിരുന്നു?
7. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ" എന്നുള്ള പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗം ഏത്?
8. 'അല്പവിശ്വാസികളെ' എന്ന് യേശുക്രിസ്തു വിളിച്ചതാരെയായിരുന്നു?
9. ഏതു മരുഭൂമിയിലാണ് സ്നാപകയോഹന്നാൻ പ്രസംഗിച്ചത്?
10. യേശുക്രിസ്തു 'മകനെ' എന്ന് സംബോധന ചെയ്തതാരെ ആയിരുന്നു?

**ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ**

1. കനാൻ ഭാഷ (യെശ.19:18)
2. ഇസ്കര്യോത്ത യൂദ (മത്താ.10:4)
3. സൂര്യനഗരം (യെശ. 19:18)
4. കരിഞ്ഞീരകം (യെശ. 28:27)
5. യെഹോവയുടെ പുസ്തകം (യെശ.34:16)
6. യോഹന്നാൻ സ്നാപകൻ (മത്താ. 11:14)
7. ബെയെസബൂൽ (മത്താ. 12:24)
8. ആത്മാവിനുനേരെയുള്ള ഭൂഷണം (മത്താ.12:31)
9. കടുകുചെടി (മത്തായി 13:32)
10. യോന (മത്തായി 12:40)

# സെന്റ് പീറ്റേഴ്സ് ചാപ്പൽ കൂദാശ



ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയുടെ വകയായി പരേതനായ കുളങ്ങര കെ. യു. തോമസിന്റെ (കുളങ്ങര സാർ) കുടുംബാംഗങ്ങൾ നിർമ്മിച്ച് നല്കിയ പരുത്തുംപാറ സെന്റ് പീറ്റേഴ്സ് ചാപ്പലിന്റെ കൂദാശയ്ക്ക് ശേഷം നടന്ന പൊതു സമ്മേളനം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത, വികാരി ഫാ. സ്കറിയാ മർക്കോസ് കൊച്ചുമംഗര എന്നിവർ സമീപം

## 40th Wedding Anniversary

**23-04-2019**




**THOMAS CHACKO**
**&**
**VALSAMMA CHACKO**

Vadakethalakal Houston, TX, U.S.A.

With Love and Prayers
Vadakethalakal Family

Advt - R

## പരിഷ്ക്കരിച്ച
## വിശുദ്ധ കുർബ്ബാനക്രമം




**പുതുമകളോടെ പരിഷ്ക്കരിച്ച**
**വിശുദ്ധ കുർബ്ബാനക്രമം**
**ക്നാനായ ബുക്ക് സെന്ററിൽ വില്പനയ്ക്കുണ്ട്.**
**വില -Rs/-100**

# കെ. എം. മാണി ജന്മം കൊണ്ട് ക്നാനായക്കാരൻ അല്ലായിരുന്നുവെങ്കിലും കർമ്മം കൊണ്ട് ഒരു ക്നാനായക്കാരനായിരുന്നു



അര നൂറ്റാണ്ടിനുമേൽ പാലാ നിയോജക മണ്ഡലത്തിന്റെ എം. എൽഎ. യായും ദീർഘകാലം മന്ത്രിയുമായിരുന്ന കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യൻ കെ. എം. മാണിസാറിന്റെ ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി മാണിസാറിന്റെ ഭവനത്തിൽ എത്തിച്ചേർന്ന ക്നാനായ അതിഭദ്രാസന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ അനുശോചന പ്രസംഗം നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവർ കാർമ്മികരായിരുന്നു. സമുദായ ട്രസ്റ്റി കമാൻഡർ സ്കറിയാ തോമസ് എക്സ്. എം. പി. റീത്ത് സമർപ്പിച്ചു. സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, മാനേജിംഗ് കമ്മിറ്റിയംഗം ശ്രീ. ആലിച്ചൻ ആറോന്നിൽ, വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സാബു തോട്ടുങ്കൽ, സെമിനാരി മാനേജർ ഫാ. ഷിബിൻ മണിമലേത്ത്, ഫാ. മാത്യു കവിരായിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ജന്മം കൊണ്ട് ഒരു ക്നാനായക്കാരൻ അല്ലായിരുന്നുവെങ്കിലും കർമ്മം കൊണ്ട് ഒരു സമുദായാംഗമായി നിലകൊണ്ട വ്യക്തിത്വമായിരുന്നു കെ. എം. മാണിയെന്ന് വലിയമെത്രാപ്പോലീത്ത ചരമ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. ക്നാനായ സമുദായത്തിലെ മണൽത്തരികൾക്കുപോലും അദ്ദേഹത്തെ പരിചയമായിരുന്നു എന്നുള്ളത് മാണിസാറിന്റെ ഒരു പ്രത്യേകതയായിരുന്നു. കാലം ചെയ്ത ഏബ്രഹാം മാർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ കാലത്ത് തുടങ്ങിയ ബന്ധങ്ങൾ ഇതുവരെയും അദ്ദേഹം കാത്തുസൂക്ഷിച്ചു. മാണി സാർ ഇല്ലാത്ത യുവജന സമാജങ്ങൾ, ക്നാനായ കോൺഗ്രസ് തുടങ്ങിയ സമ്മേളനങ്ങൾ, സമുദായ ജൂബിലി സമ്മേളനങ്ങൾ ഇന്നേവരെ ഉണ്ടായിട്ടില്ല.

## 40th Day of Demise

28–04–2019



# Mary Thomas

**Kunnirickal, Thottamon, Ranni**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4–ാം ചരമവാർഷികം

15–06–2019



# T. A. Thomas (George)

**Thattarumannil, Eraviperoor**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1–ാം ചരമ വാർഷികം

13–06–2019

## 32–ാം ചരമ വാർഷികം

03–05–2019



# Kunjamma Chandy     M. U. Chandy

**Meppurathu House**
**Cherukulanji P. O., Ranni**

## 1 –ാം ചരമ വാർഷികം

15–06–2019



**മറിയാമ്മ ചാക്കോ**

പനച്ചമൂട്ടിൽ

മാന്നാർ

സന്തപ്ത കുടുംബാംഗങ്ങൾ

## 2nd Death Anniversary

09–05–2019



**Mariamma Kuruvilla**

(Kunjamma)

Kochupurackal, Trivandrum

By Sorrowing Family

## 1 –ാം ചരമ വാർഷികം

31–05–2019



**ഏബ്രഹാം മാത്യു** (പോപ്പി)

കോമർത്തുംപറമ്പിൽ, ചെങ്ങളം

ഭാര്യ – ജാൻസി

മക്കൾ – പ്രിജിൻ, ഫെനു

മരുമകൾ – ചാച്ചു

Advt - S

## 2 –ാം ചരമ വാർഷികം

22–05–2019



**P. A. Philip**

(Rtd. Executive Engineer P.W.D)

Puthuveetil, Ranny

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്തുകാണാമെന്നുള്ള പ്രത്യാശയോടെ”


സന്തപ്ത കുടുംബാംഗങ്ങൾ

# 9th Death Anniversary

**08 - 06 - 2019**

Rev .Fr.K.J.JACOB BA., BD

Kochuthazhathu





സ്നേഹസ്മരണകളോടെ.........

ആഞ്ചലാ സൂസൻ ജോസഫ്

ജൂനിയർ കെ. ജെ. ജേക്കബ്

Advt -O

# Mrs. Saramma Stephen

**6th Year of Ascendancy to Heavens From This Transitorial Earthly Life**

21-05-2019



*Inserted by*

**Valanjanthuruthil Family**

# Prof. K. C. Kuriakose

**9th Year of Passing Away From This Mortal Life on**

9th June 2019



Sorrowing family

**Kunnirickal House**

Advt -S

## 12 – ാം ചരമവാർഷികം
9 – 5 – 2019

## 24 – ാം ചരമവാർഷികം
4 – 8 – 2019



**കെ. റ്റി. ജോസഫ്** **ചിന്നമ്മ ജോസഫ്**

കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 3 – ാം ചരമവാർഷികം
11 – 05 – 2019



**എം. എ. ചാക്കോ**

മാമലത്താഴത്ത്, രാമമംഗലം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയിൽ കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -S

## 9 – ാം ചരമ വാർഷികം
09 – 05 – 2019



**ലീലാമ്മ കുരുവിള**

ചിറ്റേട്ട്, ഐത്തല പി. ഒ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## വേർപാടിന്റെ 8 – ാം വാർഷികം
14 – 05 – 2019



**തോമസ് ഇട്ടി** (കുഞ്ഞൂഞ്ഞുകുട്ടി)

കൊച്ചുപറമ്പിൽ, ചിങ്ങവനം

ഞങ്ങളുടെ ഇടയിൽ നിന്നും മാഞ്ഞുപോയി എങ്കിലും ഇന്നും
ഓരോ നിമിഷത്തിലും മാർഗ്ഗദീപമായി വഴികാട്ടിയായി
എപ്പോഴും ഞങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# 9th Death Anniversary

04-06-2019



# Commander Bar Eto Mhaimno
# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

**POABS GROUP**

## 10 – ാം ചരമ വാർഷികം

**09 – 05 – 2019**



# Thomas Mathew
## (Thomachan)

**Arichippurathu, Changanacherry**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## വേർപാടിന്റെ 6 – ാം വാർഷികം

**20 – 05 – 2019**



# V. T. Kuriakose

**പഴയപീടികയിൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 4 – ാം ചരമ വാർഷികം

**09 – 05 – 2019**



# റ്റി. പി. തോമസ് (കുഞ്ഞുമോൻ)

**തോപ്പിൽ, തോട്ടമൺ, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## വേർപാടിന്റെ 11 – ാം വാർഷികം

**26 – 05 – 2019**



# Lidiya Elvis Nellickal

**Nellickal House**
**Vallamkulam, Thiruvalla**

**Appa & Amma (Elvis&Binu)**
**Achu & Vava (Lesly, Leen)**

(They that love beyond the world cannot be seperated by it, Death cannot kill what never dies.)

Advt - O




## വരനെ ആവശ്യമുണ്ട്

**M.910**

Knanaya parents invite proposals for their daughter (24/,150cms , B.Tech, Computer Science) working in a private firm in Ernakulam. Seeking alliance from parents of God fearing and professionally qualified boys. Ph: 9995761356, 9995758541

**M.911**

B.Com കഴിഞ്ഞ് നാട്ടിൽ ഇന്റീരിയൽ ഡിസൈനർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/165cms) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 7025700345, 9400376507

**M.912**

B.Sc Nursing കഴിഞ്ഞ് ചെന്നൈയിൽ അപ്പോളോ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (23/174cms) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 0481 2330942, 9947364876

**M.913**

B.Sc Nursing കഴിഞ്ഞ് ഒരു വർഷം എക്സ്പിരിയൻസ് ഉള്ളതും ഇപ്പോൾ OET പഠിച്ചുകൊണ്ടിരിക്കുന്നതുമായ ക്നാനായ യുവതിയ്ക്ക് (24/162cms) നാട്ടിലോ വിദേശത്തോ ജോലിയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9446174326, 9947653408

**M.914**

Knanaya Parents invite proposals for their daughter, age 24,height 158cm,brought up and studied in Qatar(Bcom, Cima, CFA). Curren0tly working in a Assest Management Company in Bengaluru. Looking alliance from Knanaya Parents of God's fearing, professionally qualified boys. 00974 55545231 whatsup

Email. pcjames13@hotmail.com

## വധുവിനെ ആവശ്യമുണ്ട്

**M. 915**

ക്നാനായ യുവാവ് (29/5") BA, LLB കഴിഞ്ഞ് U.S.A. ൽ Dallas ൽ ജോലി ചെയ്യുന്നതും നവംബറിൽ നാട്ടിൽവരുന്നതുമായ ക്നാനായ യുവാവിന് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9526899378, 9847610678

**M. 916**

Knanaya parents invite proposal for theirson (29/5'4"), B.Tech Diploma, Presently working in UK (Britizh Citizen) , Seeking alliance from parents of qualified God fearing girls.

Ph: 00447443106399, 00447769186392

**M. 917**

കേരള ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/180cm, MBA) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: +61420887051, 9744382301

(Whatsapp call only) വിളിക്കേണ്ട സമയം

(8.am to 5.pm)

**M. 918**

Knanaya parents invite proposals for their son (26/175cm, B.Tech-E.C) currently working as a project Manager in a cyber security company in Mumbai. Seeking alliance from parents of God fearing and professionally qualified God girls.

Ph: 7005610524, 8974172662

**M. 919**

C.S.S.D.ടെക്നീഷനായി ഖത്തറിൽ ഒരു പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/165cm) ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447869022

**M. 920**

B.Com കഴിഞ്ഞ് കുവൈറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9605659770

**M. 921**

Auto Mobile Diploma പാസ്സായി ദുബായിൽ ഒരു പ്രശസ്ത കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/6') ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 8606205464, 8547492445

**M. 922**

B.Pharm കഴിഞ്ഞ് കാനഡയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26/178cm) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവതികളുടെ (B.Sc Nurse, Software Eng:) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9447182327, 8281470769

**M. 923**

ബഹ്റിനിൽ ഒരു പ്രശസ്ത കമ്പനിയിൽ മെക്കാനിക്കൽ എൻജിനിയറായി ജോലിയുള്ളതും ഫാമിലി വിസ ഉള്ളതുമായ ക്നാനായ യുവാവിന് (28/176cm) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9497363944, 04735 223512

**M. 924**

P.R. ആയി മെയ് അവസാനം കാനഡായ്ക്ക് പോകാനിരിക്കുന്നതും മുംബൈയിൽ ജനിച്ചുവളർന്നതും MBA പാസ്സായതും ഇപ്പോൾ ജോലിചെയ്തുകൊണ്ടിരിക്കുന്നതും ആയ ക്നാനായ യുവാവിന് (28/172cm) B.Sc Nursing പാസ്സായിട്ടുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
IELTS പാസ്സായവർക്ക് മുൻഗണന.
Ph: 09869578063, 09757364258

**M. 925**

Kerala Govt. Health Service ൽ Pharmacist ആയ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (29/173cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9946381818

**M. 926**

ഖത്തറിൽ സേഫ്റ്റി ഓഫീസർ ആയി ജോലി ചെയ്യുന്നതും ഫാമിലി വിസ ഉള്ളതും, മെയ് അവസാനം നാട്ടിൽ വരുന്നതുമായ ക്നാനായ യുവാവിന് (32/168cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 8281911153, 7594957232

**M. 927**

Knanaya parents invite proposals for their son (28, B.Tech Mechanical) from parents of educated girls in Knanaya Community. Ph: 9447191578

**M. 928**

